മലയാളം

اللغة المليبارية

## പുതു മുസ്‌ലിമിനുള്ള വഴികാട്ടി

# എന്താണ് ഇസ്‌ലാം!



ശൈഖ് ഡോ. ഹൈസം സർഹാൻ

رِسَالَةٌ مُخْتَصَرَةٌ بِعُنْوَانِ:

# «كَيْفَ أَدْخُلُ فِي الإِسْلَامِ؟»

مُتَرْجَمَةٌ إِلَى اللُّغَةِ: المليبارية

**« എനിക്ക് എങ്ങനെ ഇസ്ലാമിലേക്ക് പ്രവേശിക്കാം »**


إِعْدَادُ الْفَقِيرِ إِلَى عَفْوِ رَبِّهِ:

## هَيْثَم بْنِ مُحَمَّدٍ سَرْحَان

الـمُدرِّس بمعهد الحرم بالمسجد النَّبويِّ -سابقًا- والـمُشرِف على معهد السُّنَّة

https://mahadsunnah.com/


غفر الله له ولوالديه ولمن أعانه على إخراج هذا الكتاب


قامَ بتَرجَمَتِها: أنس علي بن عبد الرحمن -وفَّقَهُ اللهُ وسَدَّدَهُ-

الطَّبعة الأولى



[حقوق الطَّبع مُتاحةٌ لكلِّ مسلمٍ بدون أيِّ تغييرٍ في المُحتوى]

| ചോദ്യം: | ഉത്തരം: |
|---|---|
| *ഇസ്‌ലാമിലേക്ക് പ്രവേശിക്കൽ എളുപ്പമാണോ ? | അതെ വളരെ എളുപ്പമാണ്. അതിന് ഒരു മധ്യസ്ഥന്റെയും ആവശ്യമില്ല. |
| *ഞാൻ ഇസ്‌ലാമിലേക്ക് പെട്ടെന്ന് തന്നെ പ്രവേശിക്കണോ? അതോ ചില പ്രശ്നങ്ങൾ പരിഹരിക്കുവാൻ കാത്തു നിന്നതിന് ശേഷം അനുയോജ്യമായ സമയത്ത് പ്രവേശിച്ചാൽ മതിയോ? | അതിന് ധൃതി കാണിക്കൽ അനിവാര്യമാണ്. കാരണം ഇസ്‌ലാമിലേക്ക് പ്രവേശിക്കൽ നീട്ടി വെക്കുന്നത് ചിലപ്പോൾ പല അപകടങ്ങളിലേക്കും എത്തിക്കാം. ഏത് സമയത്ത് വേണമെങ്കിലും നീ മരിക്കാം. ഇസ്ലാം സ്വീകരണം ലാഭകരമായ ഒരു കച്ചവടമാണ്. ആ കച്ചവടത്തിലേക്ക് നീ എത്രത്തോളം ധൃതി കാണിക്കുന്നുവോ അതിനനുസരിച്ച് നിന്റെ ലാഭവും കൂടുതലായിരിക്കും. |
| *ഇസ്ലാം സ്വീകരിക്കാൻ ഓരാൾ തീരുമാനിച്ചാൽ അയാൾ എന്ത് ചെയ്യണം? | രണ്ട് സാക്ഷ്യ വചനങ്ങളായ "അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു" എന്ന ഈ സാക്ഷ്യം ഉച്ചരിച്ചാൽ മാത്രം മതി . |
| *ഏത് ഭാഷയിൽ ആണ് ഇത് ഉച്ചരിക്കേണ്ടത്? | അവന് നന്നായി അറിയാവുന്ന ഏത് ഭാഷയിലും ഇത് ഉച്ചരിക്കാം. അറബിയിൽ തന്നെ ആവണം എന്ന് നിബന്ധനയില്ല. |
| *അതിന്റെ അർത്ഥം മനസ്സിലാക്കാതെ അത് ഉച്ചരിക്കാമോ? | ഇല്ല. അനിവാര്യമായും അതിന്റെ അർത്ഥവും, ആശയവും മനസ്സിലാക്കുകയും, അതിൽ |

| ചോദ്യം: | ഉത്തരം: |
|---|---|
| | അടങ്ങിയത് വിശ്വസിക്കുകയും, അതിന്റെ താൽപര്യത്തിനനുസരിച്ച് പ്രവർത്തിക്കുകയും വേണം. |
| *"അശ്ഹദു " എന്നതിന്റെ അർത്ഥം എന്താണ്? | അതിന്റെ അർത്ഥം: ഞാൻ എന്റെ ഹൃദയം കൊണ്ട് അംഗീകരിക്കുകയും, മനസ്സിലാക്കുകയും, എന്റെ നാവ് കൊണ്ട് പറയുകയും, എന്റെ അവയവങ്ങൾ കൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നതാണ്. |
| *"ലാഇലാഹ ഇല്ലല്ലാഹ് " എന്നതിന്റെ അർത്ഥം എന്താണ്? | അർത്ഥം: അല്ലാഹു അല്ലാതെ ആരാധനകൾക്ക് അർഹനായി മറ്റാരും തന്നെ ഇല്ല എന്നതാണ്. |
| * "മുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ" എന്നതിന്റെ അർത്ഥം എന്താണ്? | അർത്ഥം: മുഹമ്മദ് നബി ആരാധിക്കാപ്പെടാൻ അർഹതയില്ലാത്ത അടിമയും, കളവാക്കപ്പെടാൻ പാടില്ലാത്ത പ്രവാചകനും, ആണ് എന്നതാണ്. അദ്ദേഹം അറിയിച്ച കാര്യങ്ങൾ സത്യപ്പെടുത്തലും,, കൽപ്പിച്ചത് അനുസരിക്കലും, വിലക്കിയതും താക്കീത് നൽകിയതുമായ കാര്യങ്ങൾ വെടിയലും അവിടുത്തെ ചര്യ പിൻപറ്റലും, അനുധാവനം ചെയ്യലും ഈ സാക്ഷ്യത്തിലൂടെ നിർബന്ധമാകുന്നു. |
| *ഇവ എനിക്ക് കൃത്യമായി മനസ്സിലായി. ഇനി | താങ്കൾ ഈ സാക്ഷ്യം ഉച്ചരിക്കുക." അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വറസൂലുഹൂ" |

| ചോദ്യം: | ഉത്തരം: |
|---|---|
| ഞാൻ എന്ത് ചെയ്യണം? | |
| *ഇപ്പോൾ ഞാൻ മുസ്ലിമാണോ? | അതെ, അല്ലാഹുവിനാകുന്നു എല്ലാ സ്തുതിയും, അവൻ നിനക്ക് മേൽ ചൊരിഞ്ഞ അവന്റെ ഔദാര്യമാകുന്നു ഇത്. |
| * ഒരു മുസ്ലിമെന്ന നിലക്ക് താങ്കൾക്ക് എന്നോട് നൽകാനുള്ള ഉപദേശമെന്താണ്? | നിന്റെ ഈ മതത്തിൽ നിന്നെ ഉറപ്പിച്ച് നിർത്താൻ നീ അല്ലാഹുവോട് പ്രാർത്ഥിക്കുവാനും, അതിന് സഹായകമാകുന്ന നല്ല കൂട്ടുകെട്ട് തിരഞ്ഞെടുക്കാനും, ഇസ്ലാം നന്നായി പഠിക്കാനും, അത് ശക്തമാകുവോളം ഇസ്ലാം സ്വീകരിച്ചത് രഹസ്യമാക്കി വെക്കുവാനും ഞാൻ നിന്നോട് ഉപദേശിക്കുന്നു. |
| *ഏറ്റവും ഉത്തമമായ പ്രാർത്ഥന ഏതാണ്? | ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം (അല്ലാഹുവേ ഞങ്ങളെ നീ ഏറ്റവും നേരായ പാതയിലാക്കേണമേ) സൂറ: ഫാതിഹ. |
| *ഏറ്റവും എളുപ്പമുള്ള ദിക്ർ ഏതാണ്. | ഏറ്റവും എളുപ്പമുള്ള ദിക്ർ "ബിസ്മില്ലാഹ്" എന്നതാണ്. പള്ളിയിലും, വീട്ടിലും പ്രവേശിക്കുമ്പോഴും, പുറത്തിറങ്ങുമ്പോഴും ഖുർആൻ പാരായണം ചെയ്യുമ്പോഴും, ബാത്റൂമിൽ പ്രവേശിക്കുമ്പോഴും, വസ്ത്രങ്ങൾ അഴിക്കുമ്പോഴു, വുദു ചെയ്യുമ്പോഴും, ഭക്ഷിക്കുമ്പോഴും, കുടിക്കുമ്പോഴും ഇത് പറയാവുന്നതാണ്. |

| ചോദ്യം: | ഉത്തരം: |
|---|---|
| *ഇസ്‌ലാമിന് മുൻപ് എന്നിൽ സംഭവിച്ച തിന്മകളുടെ വിധി എന്താണ്? | ഇസ്ലാം അതിന് മുൻപുള്ള എല്ലാ തിന്മകളെയും ഇല്ലാതാക്കുന്നു. എന്നാൽ ജനങ്ങളുമായി ബന്ധപ്പെട്ട വല്ല ഇടപാടുകളും ഉണ്ടെങ്കിൽ അതിന്റെ അവകാശികൾക്ക് അത് കൊടുക്കൽ നിർബന്ധമാകുന്നു. |
| *സാക്ഷ്യം വഹിച്ചതിന് ശേഷം ഞാൻ എന്താണ് ചെയ്യേണ്ടത്? | നീ ശുദ്ധിയായി കുളിക്കുക. |
| * എന്തിനാണ് ഞാൻ കുളിക്കുന്നത്? | ഒന്നാമതായി ഒരു മുസ്ലിം എന്തിനാണ് എന്ന ചോദ്യം ഉന്നയിക്കില്ല. മറിച്ച് ഞങ്ങൾ കേട്ടിരിക്കുന്നു. അനുസരിച്ചിരിക്കുന്നു എന്നവർ പറയും. രണ്ടാമതായി നിന്റെ ഹൃദയം ശുദ്ധിയായത് പോലെ നിന്റെ ശരീരം കൂടി ശുദ്ധിയാകുന്നതിന് വേണ്ടിയാണ് നീ കുളിക്കുന്നത്. |
| *ശരി, എങ്ങനെയാണ് കുളിക്കേണ്ടത് ? | നിന്റെ ഹൃദയത്തിൽ കുളി ഉദ്ദേശിക്കുകയും, ശേഷം ബിസ്മില്ലാഹ് എന്ന് പറയുകയും വെള്ളം കൊണ്ട് ശരീരം മൊത്തം കഴുകുകയും ചെയ്യുക. |
| * കുളിച്ചതിന് ശേഷം എന്താണ്? | നിസ്കാര സമയമായാൽ അല്ലാഹുവിന്റെ അനുമതിയോടെ നീ നിസ്കരിക്കുക. |
| *നിസ്കാരം നിർവഹിക്കൽ എനിക്ക് പ്രയാസമാണ് കാരണം എനിക്ക് | ഇസ്‌ലാം എളുപ്പത്തിന്റെ മതമാണ്. അതിൽ കടുപ്പമുള്ള യാതൊന്നുമില്ല. |

| ചോദ്യം: | ഉത്തരം: |
|---|---|
| അറിയാത്ത വാക്കുകളും, പ്രവൃത്തികളുമാണ് അതിൽ ഉള്ളത്. | |
| *ഞാൻ എങ്ങനെ നിസ്കരിക്കും? | ഒന്നുകിൽ നീ എന്നെ പിന്തുടർന്ന് നിസ്കരിക്കുക. അല്ലെങ്കിൽ ഈ ലേഖനത്തിന്റെ അവസാനത്തിൽ നൽകിയ മഹദുസ്സുന്ന സൈറ്റിന്റെ ലിങ്കിൽ കയറിയാൽ നമ്മുടെ സൈറ്റിൽ ഏത് ഭാഷയിൽ വേണമെങ്കിലുമുള്ള നിസ്കാരം പഠിപ്പിക്കുന്ന വീഡിയോകൾ നിനക്ക് കാണാം. |
| *നിസ്കാര ശേഷം എന്താണ്? | ഇസ്ലാമിന്റെ അഞ്ച് സ്തംഭങ്ങളും, വിശ്വാസത്തിന്റെ സ്തംഭങ്ങളും പോലുള്ള നിന്റെ വിശ്വാസവും ഇസ്ലാമും ശരിയാകാനുള്ള കാര്യങ്ങൾ നീ പഠിക്കണം. |
| *ഇസ്ലാം ശരിയായി പഠിക്കാൻ ഏതൊക്കെ സൈറ്റുകളാണ് താങ്കൾ എനിക്ക് നിർദ്ദേശിക്കുന്നത്?. | സൗദി അറേബ്യയിലെ ഉന്നത പണ്ഡിതൻമാരുടെ സൈറ്റുകളും, അവിടെയുള്ള മതപഠന സ്ഥാപനങ്ങളും ഞാൻ നിനക്ക് നിർദ്ദേശിക്കുന്നു. |
| *മുസ്ലിമീങ്ങളല്ലാത്ത എന്റെ ബന്ധുക്കളോട് ഞാൻ എങ്ങനെ പെരുമാറണം? | നബി ﷺ മുസ്ലിമീങ്ങളല്ലാത്തവരോട് എപ്രകാരം പെരുമാറിയോ അത് പോലെ നീ അവരോട് പെരുമാറുക. അദ്ദേഹം അവിടുത്തെ നാവ് കൊണ്ടും സ്വഭാവ പെരുമാറ്റങ്ങൾ കൊണ്ടും ഇസ്ലാമിലേക്ക് ക്ഷണിക്കുന്നവരായിരുന്നു. |

| ചോദ്യം: | ഉത്തരം: |
|---|---|
| *ചില ആളുകൾ ഇസ്ലാം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരാണ് പക്ഷെ അവൻ തന്റെ കുടുംബത്തെ ഇസ്ലാം സ്വീകരിച്ച വിവരം അറിയിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതിന്റെ വിധി എന്താണ്? | ഇസ്ലാം സ്വീകരിക്കുന്നവർ ആ വിവരം ആരെയെങ്കിലും അറിയിക്കൽ നിർബന്ധമായ കാര്യമല്ല. അവന്റെ ഇസ്ലാം അവനും അല്ലാഹുവിനുമിടയിലുള്ള കാര്യമാണ്. |
| *ഇസ്ലാമിലെ ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥം ഏതാണ്.? | ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥം വിശുദ്ധ ഖുർആൻ ആകുന്നു. അത് അല്ലാഹുവിന്റെ സംസാരമാണ്. |
| *ഖുർആനിലെ ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യായം ഏതാണ്? | എറ്റവും പ്രധാനപ്പെട്ട അദ്ധ്യായം സൂറതുൽ ഫാതിഹയാണ്. അതിനാലാണ് നാം എല്ലാ നിസ്കാരത്തിലെയും എല്ലാ റക്അത്തിലും അത് പാരായണം ചെയ്യുന്നത്. |
| *വിശുദ്ധ ഖുർആനിലെ ഏറ്റവും മഹത്തായ സൂക്തമേതാണ്.? | ഏറ്റവും മഹത്തായ സൂക്തം ആയത്തുൽ കുർസി ആണ്. |
| * എനിക്ക് ഖുർആൻ പാരായണം ചെയ്യാൻ എങ്ങനെ സാധിക്കും? | ഖുർആൻ പഠിച്ചു കൊണ്ടും ശൈഖ് അലി അൽ ഹുദൈഫി, അൽ ഹുസ്വരി എന്നവരെ പോലെയുള്ളവരുടെ ഖുർആൻ പാരായണം കേട്ട് കൊണ്ടും. |
| *ഞാൻ ഖുർആനിന്റെ ആശയം എങ്ങനെ മനസ്സിലാക്കും.? | ഈ സമൂഹത്തിലെ പണ്ഡിതൻമാർ രചിച്ച ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലൂടെ. |

| ചോദ്യം: | ഉത്തരം: |
|---|---|
| *ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ എനിക്ക് എവിടെ നിന്ന് ലഭിക്കും. | മദീനയിലുള്ള ഖുർആൻ പ്രിന്റിംഗ് പ്രസ്സ് ഞാൻ നിനക്ക് നിർദ്ദേശിക്കുന്നു. |
| *ഖുർആൻ കഴിഞ്ഞാൽ ഞാൻ ഏത് വായിക്കണമെന്നാണ് താങ്കൾ എനിക്ക് നിർദ്ദേശിക്കുന്നത്. | നബി ﷺ യുടെ ഏറ്റവും ശരിയായ ഹദീസുകൾ വായിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. |
| *നബി ﷺ യുടെ ഹദീസുകളുടെ ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥം ഏതാണ്? | ഹദീസ് ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതും, ഏറ്റവും ശരിയായതുമായ ഗ്രന്ഥം സ്വഹീഹുൽ ബുഖാരിയാണ്. ഈ സമൂഹം ഏകോപിച്ച മഹാന്മാരായ പണ്ഡിതൻമാർ തൃപ്തിപ്പെട്ട ഗ്രന്ഥമാണത്. ഈ ലേഖനത്തിന്റെ അവസാനത്തിൽ കൊടുത്ത ഗ്രന്ഥങ്ങൾ പരിശോധിക്കാനുള്ള ലിങ്ക് സന്ദർശിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. |
| *നബിﷺ യുടെ ഹദീസുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഹദീസ് ഏതാണ്? | ഏറ്റവും പ്രധാനപ്പെട്ട ഹദീസ് ജിബ്രീലിന്റെ ഹദീസ് എന്നറിയപ്പെടുന്ന ദീനിന്റെ സ്തംഭങ്ങളായ ഇസ്ലാം, ഈമാൻ, ഇഹ്സാൻ എന്നീ മൂന്ന് കാര്യങ്ങൾ വിശദീരിക്കുന്ന ഹദീസാണത്. |

| ചോദ്യം: | ഉത്തരം: |
|---|---|
| *ഇസ്ലാം പഠിക്കാൻ എനിക്ക് സാധിക്കുമോ എന്ന കാര്യം ഞാൻ ഭയക്കുന്നു. | നീ ഭയക്കേണ്ടതില്ല. നീ അല്ലാഹുവിൽ ഭരമേൽപ്പിക്കുക. നിന്റെ ശ്രമങ്ങളിൽ അല്ലാഹു നിന്നെ സഹായിക്കട്ടെ. ദീൻ വളരെ എളുപ്പമാണ്. അല്ലാഹുവിന് ഇഷ്ടവും, തൃപ്തിയുമുള്ളതിലേക്ക് അവൻ നിനക്ക് ഭാഗ്യം നൽകട്ടെ.<br>ഈ ലേഖനത്തിൻറെ അവസാനം നൽകിയ ലിങ്കിൽ പ്രവേശിച്ചാൽ ഓൺലൈനായി മഅഹദുസ്സുന്നയിൽ നമ്മോടൊപ്പം സൗജന്യമായി നിനക്ക് പഠിക്കാൻ സാധിക്കും.<br>അവസാനമായി നബി ﷺ യുടെ വാക്കു കൊണ്ട് ഞാൻ നിന്നെ ഉപദേശിക്കുന്നു.<br>നിനക്ക് ഉപകാരമുള്ള കാര്യങ്ങളിൽ നീ പരിശ്രമിക്കുക. അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. നീ അശക്തനാകരുത്. |

## رَوابِطُ قَنَواتِ مَعْهَدِ السُّنَّةِ:

مَوقِعُ مَعهَدُ السُّنَّةِ:

رابِطُ الفيس بوك:

رابِطُ التِّلجرام:

رابِطُ الانستغرام:

رابِطُ التويتر (X):

رابِطُ الواتساب:

قَناةُ اليوتوب:

رابِطُ تَحميلِ الكُتُبِ:

Malayalam المليبارية

# 3 തൗഹീദിന്റെ ഇനങ്ങൾ

റുബൂബിയ്യത്, ഉലൂഹിയ്യത്, അസ്മാഉ വസ്സ്വിഫാത്ത് എന്നിവയിൽ അല്ലാഹുവിന് മാത്രം പ്രത്യേകമായ കാര്യങ്ങളിൽ അല്ലാഹുവിനെ ഏകനാക്കലാണിത്.

അതിന്റെ ഇനങ്ങൾ മൂന്നെണ്ണമാകുന്നു

## തൗഹീദു റുബൂബിയ്യ

അല്ലാഹുവിനെ അവന്റെ കർമങ്ങളിൽ ഏകനാക്കലാണ് ഇത്, അല്ലെങ്കിൽ സൃഷ്ടിപ്പ്, ആധിപത്യം, നിയന്ത്രണം എന്നിവയിൽ അല്ലാഹുവിനെ ഏകനാക്കലാണ് തൗഹീദു റുബൂബിയ്യ.

## തൗഹീദുൽ ഉലൂഹിയ്യ

ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കലാണ് ഇത്, അല്ലെങ്കിൽ അടിമകളുടെ കർമങ്ങളിൽ അല്ലാഹുവിനെ ഏകനാക്കലാണ് തൗഹീദുൽ ഉലൂഹിയ്യ

## തൗഹീദുൽ അസ്മാഉ വസ്സ്വിഫാത്ത്

അല്ലാഹു തന്റെ വിശുദ്ധ ഗ്രന്ഥത്തിലോ അല്ലെങ്കിൽ തന്റെ തിരുദൂതരുടെ നാവിനാലോ സ്വന്തത്തെ വിശേഷിപ്പിച്ചതോ സ്വന്തത്തിന് നാമകരണം നൽകിയതോ ആയതിൽ അല്ലാഹുവിനെ ഏകനാക്കലാണ് ഇത്. അത് അല്ലാഹു സ്വന്തത്തിന് സ്ഥിരപ്പെടുത്തിയതിനെ സ്ഥിരപ്പെടുത്തി കൊണ്ടും, സ്വന്തത്തിന് മേൽ നിഷേധിച്ചതിനെ നിഷേധിച്ച് കൊണ്ടുമായിരിക്കണം. അതിൽ ദുർവ്യാഖ്യാനമോ നിഷേധമോ രൂപം നൽകലോ സാദൃശ്യപ്പെടുത്തലോ പാടില്ല.

# മതത്തിന്റെ മൂന്ന് ഘട്ടങ്ങൾ

## ഇസ്‌ലാം

തൗഹീദ് കൊണ്ട് അല്ലാഹുവിന് പരിപൂർണ്ണമായി കീഴൊതുങ്ങലും അനുസരണം കൊണ്ട് അവന് വിധേയനാകലും ശിർകിൽ നിന്നും അതിന്റെ ആളുകളിൽ നിന്നും മുക്തമാകലുമാണത്.

### ഇസ്‌ലാമിന്റെ സ്തംഭങ്ങൾ 5

1 - രണ്ട് സാക്ഷ്യവാക്യങ്ങൾ
2 - നമസ്കാരം നിർവ്വഹിക്കൽ
3 - സകാത്ത് നൽകൽ
4 - റമദ്വാനിൽ നോമ്പ് നോൽക്കൽ
5 - ഹജ്ജിന് പോകാൻ കഴിയുന്നവർ ഹജ്ജ് ചെയ്യൽ.

## ഈമാൻ

അത് നാവ് കൊണ്ട് പറയലും ഹൃദയം കൊണ്ട് വിശ്വസിക്കലും ശരീരാവയവങ്ങൾ കൊണ്ട് കർമം ചെയ്യലും ആണ്. അത് കൂടുകയും കുറയുകയും ചെയ്യും.

### ഈമാനിന്റെ സ്തംഭങ്ങൾ 6

1 - അല്ലാഹുവിലുള്ള വിശ്വാസം
2 - അവന്റെ മലക്കുകളിലുള്ള വിശ്വാസം
3 - അവന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം
4 - അവന്റെ ദൂതൻമാരിലുള്ള വിശ്വാസം
5 - അന്ത്യദിനത്തിലുള്ള വിശ്വാസം
6 - ക്വദറിൽ - അതിന്റെ നൻമയിലും തിൻമയിലുമുള്ള വിശ്വാസം

## ഇഹ്സാൻ

നീ അല്ലാഹുവിനെ കാണുന്നത് പോലെ അല്ലാഹുവിനെ ആരാധിക്കലാണത്. നിനക്ക് അല്ലാഹുവിനെ കാണാൻ സാധിക്കുന്നില്ലെങ്കിലും അല്ലാഹു നിന്നെ കാണുന്നുണ്ട്.

ഇഹ്സാന് ഒരു റുക്ൻ മാത്രമാണ്. അതിന് കീഴിൽ രണ്ട് ഘട്ടങ്ങളുണ്ട്

1- ഇബാദത്തുൽ മുശാഹദ. അഥവാ നീ അല്ലാഹുവിനെ കാണുന്നത് പോലെ അവനെ ആരാധിക്കൽ
2- ഇബാദത്തുൽ മുറാക്വബ. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നു എന്ന ബോധത്തിലുള്ള ആരാധന.

# 4 നിഷിദ്ധങ്ങളുടെ ഇനങ്ങൾ

## ചെറിയ പാപങ്ങൾ

വൻപാപങ്ങൾ അല്ലാത്ത എല്ലാ തിൻമകളുമാണ് ഇത്. വൻപാപം പാപമോചനത്തിന് തേടൽ കൊണ്ട് മായ്ക്കപ്പെടും. ചെറുപാപം ധാരാളം ചെയ്താൽ അത് വൻപാപമായിത്തീരും റസൂൽ ﷺ പറഞ്ഞു:
(നിങ്ങൾ നിസാരമായ പാപങ്ങളെ സൂക്ഷിക്കണം. നിശ്ചയം അവ ഒരാളിൽ ഒരുമിച്ച് കൂടും, അവ അവനെ നശിപ്പിക്കുന്നത് വരെ).

## വൻപാപങ്ങൾ

(പ്രത്യേകമായ ശിക്ഷകൾ ലഭിക്കും എന്ന് അറിയിക്കപ്പെട്ടവയാണിത്) മാരണം, മാതാപിതാക്കളെ പ്രയാസപ്പെടുത്തൽ, പലിശ, വ്യഭിചാരം, സ്വവർഗ്ഗരതി, കളവ്, മദ്യപാനം, മോഷണം, പരദൂഷണം, അല്ലാഹു പവിത്രമാക്കിയ ആത്മാവിനെ അന്യായമായി വധിക്കൽ, അനാഥയുടെ സമ്പത്ത് ഭക്ഷിക്കൽ പോലെയുള്ളവയാണത്.

## ചെറിയ ശിർക്ക്

(ഇത് മൂലം മതത്തിൽ നിന്ന് പുറത്ത് പോവുകയില്ല, എന്നാൽ അത് വൻപാപങ്ങളേക്കാൾ വലിയ തിൻമയാണ്) അല്ലാഹുവും നീയും ഉദ്ദേശിച്ചാൽ എന്ന് പറയലും, അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്ത് പറയലും, ചെറിയ തോതിലുള്ള ലോകമാന്യവും, ശിർക്കിയ്യായ ഏലസുകളും, ശകുനം നോക്കലും, സുരക്ഷ നൽകാനും കണ്ണേറിൽ നിന്ന് തടുക്കാനും കാരണമാണെന്ന വിധം ഉപയോഗിക്കുന്ന ചരടുകളും ഐക്കല്ലുകളും പോലെയുള്ളവയാണത്.

## വലിയ ശിർക്ക്

(അത് മതത്തിൽ നിന്ന് പുറത്താക്കുന്നതും, അതിലായി മരിച്ചാൽ അത് പൊറുക്കപ്പെടാത്തതുമാണ്.) ഒരാൾ അല്ലാഹുവിന് തുല്യനെ ഉണ്ടാക്കുകയും അല്ലാഹുവിനെ ആരാധിക്കുന്നത് പോലെ അവൻ അതിനെ ആരാധിക്കുകയും, അല്ലെങ്കിൽ അതിനെ ഭയക്കുകയും, അതിൽ പ്രതീക്ഷയർപ്പിക്കുകയും, അല്ലാഹുവിനെ ഇഷ്ടപ്പെടുന്നത് പോലെ അവൻ അതിനെ ഇഷ്ടപ്പെടുകയും, അല്ലെങ്കിൽ ആരാധനയുടെ ഇനങ്ങളിൽ പെട്ട ഏതെങ്കിലും ഒരു ഇനത്തെ അതിലേക്ക് തിരിച്ച് വിടുകയും ചെയ്യുന്നു. ഇവയെല്ലാം വലിയ ശിർക്കിൽ പെടുന്നു.

بسم الله الرحمن الرحيم

# പ്രാചകത്വത്തിന്റെ തെളിവുകളും അടയാളങ്ങളും

# വിശുദ്ധ ക്വുർആൻ

---

**യഹ്‌യ ബ്നു അക്സം** പറഞ്ഞു: നിശ്ചയം മഅ്മൂൻ അമീർ ആയിരിക്കേ അദ്ദേഹത്തിന് സംവാദ സദസ്സ് ഉണ്ടായിരുന്നു. അങ്ങനെയിരിക്കേ ജനങ്ങളുടെ ഇടയിലേക്ക് നല്ല വസ്ത്രം ധരിച്ച സുന്ദര മുഖമുള്ള സുഗന്ധം പൂശിയ ജൂതനായ ഒരാൾ കടന്നു വന്നു.
അദ്ദേഹം ഏറ്റവും നല്ല ഭാഷയിൽ സംസാരിച്ചു.
യഹ്‌യ പറഞ്ഞു: സദസ്സ് പിരിഞ്ഞപ്പോൾ മഅ്മൂൻ അയാളെ വിളിച്ചു. അദ്ദേഹം അയാളോട് ചോദിച്ചു: നീ ഇസ്റാഈലി ആണോ? (അഥവാ ജൂതൻ ആണോ?)
അയാൾ പറഞ്ഞു: അതെ..
മഅ്മൂൻ പറഞ്ഞു: നീ ഇസ്‌ലാം സ്വീകരിക്കുക, ഞാൻ നിനക്ക് വേണ്ടി (നല്ലത് ചെയ്യുന്നത്) വരെ. അയാൾ ഇസ്‌ലാം സ്വീകരിച്ചാൽ അയാൾക്ക് നല്ല കാര്യങ്ങൾ ചെയ്യാമെന്ന് മഅ്മൂൻ വാഗ്ദാനം ചെയ്തു.
അപ്പോൾ ജൂതൻ പറഞ്ഞു: എന്റെ മതം.. എന്റെ പിതാക്കളുടെ മതം. പിന്നെ അദ്ദേഹം പിരിഞ്ഞു പോയി.
യഹ്‌യ പറഞ്ഞു: ഒരു വർഷം കഴിഞ്ഞപ്പോൾ ആ ജൂതൻ മുസ്‌ലിമായി ഞങ്ങളുടെ അടുക്കൽ വന്നു.
യഹ്‌യ പറഞ്ഞു: അദ്ദേഹം ഫിക്വ്ഹിലും, ഹദീസിലും നല്ല സംസാരങ്ങൾ പറഞ്ഞു. സദസ്സ് പിരിഞ്ഞപ്പോൾ മഅ്മൂൻ അയാളെ വിളിച്ചു ചോദിച്ചു: മുമ്പ് വന്ന നമ്മുടെ ആളല്ലെ താങ്കൾ?
അയാൾ പറഞ്ഞു: അതെ..
മഅ്മൂൻ ചോദിച്ചു: താങ്കൾ ഇസ്‌ലാം സ്വീകരിക്കാനുള്ള കാരണം എന്താണ്?
അയാൾ പറഞ്ഞു: താങ്കൾ കേൾക്കുകയും അല്ലാഹു അക്ബർ എന്ന് പറയുകയും ചെയ്യുക. അന്നേ ദിവസം ഞാൻ താങ്കളുടെ സദസ്സിൽ നിന്ന് പിരിഞ്ഞു പോയി, അപ്പോൾ ഈ മതങ്ങളെയെല്ലാം ഒന്ന് പരിശോധിക്കാൻ ഞാൻ ഇഷ്ടപ്പെട്ടു. ഞാൻ നല്ല കയ്യെഴുത്തിൽ എഴുതുന്നവനാണ്.

അങ്ങനെ ഞാൻ തൗറാത്ത് എഴുതാൻ തീരുമാനിച്ചു, അനന്തരം മൂന്ന് കോപ്പികൾ ഞാൻ എഴുതി, ഞാൻ അതിൽ കൂട്ടുകയും കുറക്കുകയും ചെയ്തു, അങ്ങനെ ഞാൻ അത് ആരാധനാലയത്തിലേക്ക് പ്രവേശിപ്പിച്ചു, എന്നിൽ നിന്ന് അവ വാങ്ങപ്പെട്ടു, അവർ അത് പരിശോധിക്കാനോ വായിക്കാനോ നിന്നില്ല.

പിന്നെ ഞാൻ ബൈബിൾ (ഇഞ്ചീൽ) എഴുതാൻ തീരുമാനിച്ചു. അതും ഞാൻ മൂന്ന് കോപ്പികൾ എഴുതി. അതിൽ ഞാൻ കൂട്ടുകയും കുറക്കുകയും ചെയ്തു. എന്നിട്ട് ഞാൻ അവ ആരാധനാലയത്തിലേക്ക് പ്രവേശിപ്പിച്ചു, അതും എന്നിൽ നിന്ന് വാങ്ങപ്പെട്ടു. അവരും അത് വായിക്കുകയോ പരിശോധിക്കുകയോ ചെയ്തില്ല.

പിന്നെ ഞാൻ ക്വുർആൻ എഴുതാൻ തീരുമാനിച്ചു: അങ്ങനെ മൂന്ന് കോപ്പികൾ ഞാൻ എഴുതി, എന്നിട്ട് എഴുത്ത് ഫലകങ്ങൾ വിൽക്കുന്നവരുടെ അടുക്കലേക്ക് അവ കൊണ്ട് വന്നു. അവർ പറഞ്ഞു: ഇവ വായിക്കുകയും പരിശോധിക്കുകയും ചെയ്യാതെ ഞങ്ങൾ സ്വീകരിക്കില്ല. അങ്ങനെ അവർ അതിലെ തെറ്റുകളും, കൂട്ടലും കുറക്കലും കണ്ടുപിടിച്ചു. അവർ എഴുന്നേറ്റ് അവ കത്തിക്കുകയും എന്നെ വധിക്കാൻ തുനിയുകയും ചെയ്തു. അപ്പോൾ ഇത് അല്ലാഹുവിങ്കൽ നിന്നുള്ള സംരക്ഷിക്കപ്പെടുന്ന ഗ്രന്ഥമാണെന്ന് ഞാൻ മനസ്സിലാക്കി.
ഇതാണ് എന്റെ ഇസ്‌ലാം സ്വീകരണത്തിനുള്ള കാരണം.

Malayalam المليبارية

# സക്കാത്ത് രണ്ട് വിധം

**ഐച്ഛികം:** ആരാധനയുടെ ഭാഗമായി മാത്രം ഒരാൾ തന്റെ ധനത്തിൽ നിന്നും ചിലവഴിക്കുന്ന എല്ലാ ധനവും.

**നിർബന്ധം**

**അത് രണ്ട് വിധം**

## ശരീരത്തിന്റെ സക്കാത്.

അത് ഫിത്ർ സക്കാത്താണ്. അത് എല്ലാ മുസ്‌ലിമിനും ബാധ്യതയാണ്. കുട്ടിയോ, മുതിർന്നവനോ, പുരുഷനോ, സ്ത്രീയോ, സ്വതന്ത്രനോ, അടിമയോ (വ്യത്യാസമില്ലാതെ എല്ലാവരും നൽകൽ നിർബന്ധം)

## ധനത്തിന്റെ സക്കാത്:

ചില പ്രത്യേകം വ്യക്തികൾക്കോ വിഭാഗങ്ങൾക്കോ ആയി, ചില നിർണിത സമ്പത്തിൽ നിന്നും മതം നിർബന്ധമാക്കിയ ഭാഗം അല്ലാഹുവിന് വേണ്ടിയുള്ള ആരാധയായി നൽകൽ.

**1 രണ്ട് തരം നാണയങ്ങൾ**



സ്വർണവും വെള്ളിയും അതിന്റെ സ്ഥാനത്ത് നിൽക്കുന്ന കറൺസികളും മറ്റും.
സ്വർണം 20 മിഥ്കാൽ (85 ഗ്രാം)
വെള്ളി 200 ദിർഹം (595 ഗ്രാം)

**2 കന്നുകാലികൾ**



മേഞ്ഞുനടക്കുന്നവ. ആട് മാട് ഒട്ടകം എന്നിവയാണ് കന്നുകാലികളിൽ ഉൾപ്പെടുക.

**3 ഭൂമിയിൽ നിന്നും**



ഉൽപാദിപ്പിക്കുന്നവ (കൃഷി) ധാന്യങ്ങളും ഫലവർഗങ്ങളും

**4 കച്ചവട വസ്ഥുകൾ**



കച്ചവടത്തിനായി ഒരുക്കിയ എല്ലാ വസ്തുക്കളും.

## സക്കാത്തിന്റെ അവകാശികൾ

**1 ദരിദ്രർ**

തങ്ങളുടെ കൈവശം ഒന്നുമില്ലാത്തവരൊ, അൽപം എന്തെങ്കിലും ഉള്ളവരോ ആയ അത്യാവശ്യക്കാർ.

**2 അഗതികൾ**

തങ്ങളുടെ ആവശ്യ പൂർത്തീകരണത്തിന് വേണ്ട കാര്യങ്ങളിൽ നല്ല ഭാഗവും അവരുടെ പക്കൽ ഉണ്ടാകും എന്നാൽ പൂർണ്ണമായ അവസ്ഥ ഇല്ലാത്തവരായിരിക്കും അവർ. ഉദാഹരണത്തിന് ഒരാളുടെ വാർഷിക ചെലവ് 12000 രൂപയാണെന്ന് സങ്കൽപ്പിക്കുക. ദരിദ്രൻ ആണെങ്കിൽ അവന്റെ പക്കൽ 6000 രൂപയോ അല്ലെങ്കിൽ അതിന്റെ താഴെ ഒന്നുമില്ലാത്ത അവസ്ഥയോ ആകും ഉണ്ടാവുക.അഗതിയുടെ 6000 ത്തെക്കാൾ കൂടുതൽ ഉണ്ടാകാം എന്നാൽ 12000 തികയാത്ത അവസ്ഥയായിരിക്കും. അതിനാൽ ദരിദ്രനും അഗതിക്കും അവരുടെ ഒരു വർഷത്തേക്ക് ആവശ്യമായ ചെലവുകൾ നമുക്ക് നൽകാം. കാരണം സക്കാത്ത്നിർബന്ധമാകുന്നത് വർഷം പരിഗണിച്ചാണല്ലോ.

**3 സക്കാത്തിന്റെ ഉദ്യോഗസ്ഥർ.**

സക്കാത്ത് പിരിച്ചെടുക്കാനും അത് സംരക്ഷിക്കുവാനും അതിനെ അർഹനിലേക്ക് എത്തിക്കുവാനുമായി ഭരണാധികാരി ഉത്തരവാദിത്വപ്പെടുത്തിയവരാണ് അവർ. അവർ ദരിദ്രരാക്കണമെന്ന നിബന്ധനയില്ല. അവർ സമ്പന്നരാണെങ്കിലും അവർക്ക് സക്കാത്തിന്റെ മുതൽ നിന്നും (ശമ്പളമായി) നൽകാം.

**4 ഹൃദയം ഇണക്കപ്പെട്ടവർ**

(ഇസ്‌ലാമിനെ കുറിച്ച് പഠിക്കുകയും) മുസ്‌ലിംകൾ ആകുമെന്ന് പ്രതീക്ഷയുള്ളവരായ ആളുകൾ. അത്പോലെ (ഇസ്‌ലാമിന്റെ ശത്രുവായ ആളിൽ നിന്നും ) ഉണ്ടാവുന്ന പ്രയാസങ്ങൾ തടയുന്നതിന്റെ ഭാഗമായി ഉള്ളവരും.

**5 അടിമ മോചനം**

1 - മോചന പത്രം എഴുതിവെച്ച മുസ്‌ലിം അടിമ (യുടെ മോചനം)
2 - മുസ്‌ലിമായ അടിമയുടെ മോചനം
3- യുദ്ധക്കത്തടവുകാരനായ മുസ്‌ലിമിന്റ മോചനം

**6 കടം കൊണ്ടു വലഞ്ഞവർ**

1- ആളുകൾക്കിടയിൽ പ്രശ്നപരിഹാരത്തിനായി ഇടപെട്ട് കടക്കാരനായവൻ.
2- സ്വന്തം നിലക്ക് കടം കൊണ്ടുവലഞ്ഞവൻ

**7 ധർമ്മ സമരമാർഗത്തിൽ**

യോദ്ധാക്കളും യുദ്ധപകരണ ആവശ്യങ്ങളുമാണ് ഇതിൽ ഉൾപ്പെടുക.

**8 വഴി യാത്രക്കാരൻ**

യാത്രക്കിടയിൽ യാത്രക്കാവശ്യമായ ചെലവുകളും മറ്റും ഇല്ലാതെ വലയുന്നവന് അവന്റെ നാട്ടിലേക്ക് തിരിച്ചെത്തുവാൻ ആവശ്യമായ ധനം നൽകേണ്ടതാണ്.

ഫത്ഹുൽ മുഈൻ ഫീ തക്വ്രീബി മൻഹജിസ്സാലികീൻ വതൗദ്വീഹിൽ ഫിക്വ്ഹി ഫിദ്ദീൻ

ശൈഖ് ഹൈസം ബിൻ മുഹമ്മദുസ്സർഹാൻ

(മുൻ അധ്യാപകൻ, മസ്ജിദുന്നബവി)

# സകാതുൽ ഫിത്വ്റിന്റെ വിധി

| | |
|---|---|
| റമദാനിന്റെ അവസാനത്തെ ദിനത്തിലെ സൂര്യാസ്തമയത്തിന് സാക്ഷികളാകുന്ന മുസ്‌ലിംകളായ എല്ലാ വലിയവർക്കും ചെറിയവർക്കും ആണിനും പെണ്ണിനും അടിമക്കും സ്വതന്ത്രനുമെല്ലാം ഇത് നിർബന്ധമാണ്. പെരുന്നാൾ ദിനത്തിലെ പകലിനും രാത്രിക്കും ആവശ്യമായ ഭക്ഷണത്തിന് പുറമെ ഒരു സ്വാഅ് ശേഷിക്കുന്നവർക്കാണ് ഇത് കൊടുക്കൽ നിർബന്ധമാകുന്നത്. | ഗർഭസ്ഥ ശിശുവിന് ഇത് സുന്നത്താണ് |

**സകാതുൽ ഫിത്വ്ർ നിയമമാക്കിയതിന്റെ യുക്തി**

- അത് നോമ്പുകാരന് അനാവശ്യ സംസാരത്തിൽ നിന്നും മ്ലേച്ഛപ്രവർത്തനത്തിൽ നിന്നുമുള്ള ശുദ്ധീകരണമാണ്.
- പെരുന്നാൾ ദിനത്തിൽ മറ്റുള്ളവരോട് ഭക്ഷണം ചോദിക്കുന്നതിൽ നിന്ന് ദരിദ്രർക്കും സാധുക്കൾക്കും സ്വയാശ്രയരാകാൻ ഇത് കൊണ്ട് സാധിക്കുന്നു.

**സകാതുൽ ഫിത്വ്ർ നൽകേണ്ട സമയം**

| | | |
|---|---|---|
| **അനുവദനീയമായ സമയം:** പെരുന്നാളിന് ഒന്നോ രണ്ടോ ദിവസം മുമ്പ് | **സുന്നത്തായ സമയം:** പെരുന്നാൾ ദിനത്തെ ഫജ്റിന് ശേഷം പെരുന്നാൾ നമസ്കാരത്തിന് മുമ്പായി. | **നിഷിദ്ധമായ സമയം:** പെരുന്നാൾ നമസ്കാരത്തിന് ശേഷം. |

**സകാതുൽ ഫിത്വ്ർ നൽകേത്**

| | |
|---|---|
| മനുഷ്യർ ഭക്ഷിക്കുന്ന ഭക്ഷണത്തിൽ നിന്ന് ഒരു സ്വാഅ് ആണ് നൽകേണ്ടത്. നല്ല ഇനം ഗോതമ്പിന്റെ അളവ് 2040 ഗ്രാം ആണ്. ഒരോ ഇനം ഭക്ഷണവും ഇത് പോലെ ഒരു സ്വാഅ് ആണ് നൽകേണ്ടത്. | പണമായി നൽകാൻ പാടില്ല. |

**പ്രധാന ഭക്ഷണ ഇനങ്ങളുടെ സകാതുൽ ഫിത്വ്റിന്റെ തൂക്കം:**

| | | |
|---|---|---|
| പൊടി: 1400g | റവ: 2000g | അരി: 2300g |
| ഗോതമ്പ്: 2040g | പയർ: 2100g | കടല (Hummus) : 2000g |
| ബീൻസ്: 2060g | ഈത്തപ്പഴം: 1800g | ഉണക്ക മുന്തിരി: 1640g |

**സകാതിന്റെ ശേഖരണവും അളവും അനുസരിച്ചുള്ള ഇനങ്ങൾ**

| | | |
|---|---|---|
| [1] കൊടുക്കന്ന ആളെയും കൊടുക്കപ്പെടുന്ന ആളെയും പരിഗണിക്കാതെ കൊടുക്കേണ്ട അളവ് നിർണ്ണയിക്കപ്പെട്ടത്. സകാതുൽ ഫിത്വ്ർ പോലെ. | [2] കൊടുക്കപ്പെടുന്നതും കൊടുക്കപ്പെടേണ്ടതും നിർണ്ണയിക്കപ്പെട്ടത്. ഹജ്ജിലെ ഫിദ്‌യ പോലെയുള്ളത്. "നീ ആറ് സാധുക്കളെ ഭക്ഷിപ്പിക്കുക, ഓരോ സാധുവിനും അര സ്വാഅ് വീതം" | [3] നൽകപ്പെടുന്നത് നോക്കാതെ നൽകപ്പെടുന്നവരെ നിർണ്ണയിക്കപ്പെട്ടത്. സത്യം ചെയ്തതിനുള്ള പ്രായശ്ചിത്തം പോലെയുള്ളത്. |

# നോമ്പ് രണ്ട് വിധമാണ്.

**ഐച്ഛികം:** ഉപരിസൂചിത നോമ്പുകൾക്ക് പുറമെയുള്ള നോമ്പ്.

**നിർബന്ധം :** റമദാൻ നോമ്പ്, പ്രായശ്ചിത്തത്തിന്റെ ഭാഗമായുള്ള നോമ്പ്, നേർച്ചയുടെ ഭാഗമായുള്ള നോമ്പ്

## നോമ്പിന്റെ നിർവചനം

ഫജ്ർ മുതൽ സൂരസ്തമയം വരെ ഭക്ഷണപാനിയങ്ങളും നോമ്പ് മുറിയുന്ന മറ്റ് കാര്യങ്ങളും ഉപേക്ഷിച്ച് അല്ലാഹുവിന് വേണ്ടി നിർവ്വഹിക്കുന്ന ആരാധനയാണ് അത്.

## നോമ്പിന് രണ്ട് റുക്നുകൾ (സ്തംഭങ്ങൾ) ആണുള്ളത്.

### 1 നിയ്യത്ത്.

| സുന്നത്ത് നോമ്പിന്റെ നിയ്യത്ത് | നിയ്യത്ത് നിർബന്ധമാണ്. |
|---|---|
| നോമ്പ് മുറിയുന്ന കാര്യങ്ങൾ സംഭവിച്ചിട്ടില്ലെങ്കിൽ പകലിൽ ഏത് സമയത്തും നിയ്യത്ത് ചെയ്യാവുന്നതാണ്. നിയ്യത്ത് ചെയ്ത സമയം മുതൽ നോമ്പിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. | നിർബന്ധ നോമ്പുകൾക്ക് പ്രഭാതോദയത്തിന് മുമ്പ് രാത്രി തന്നെ നിയ്യത്ത് ചെയ്യൽ അനിവാര്യമാണ്. റമദാനിന്റെ തുടക്കത്തിൽ ഒന്നിച്ച് നിയ്യത്ത് ചെയ്താൽ മതി. നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണ്. നാവുകൊണ്ട് ഉച്ചരിക്കൽ പുത്തനാചാരമാണ്. |

### 2 നോമ്പ്മുറിയുന്ന കാര്യങ്ങളെ വിട്ടുനിൽക്കൽ



### നോമ്പുകാരന് അനുവദനീയ ചില കാര്യങ്ങൾ

- ആവശ്യമുള്ള ഘട്ടത്തിൽ ഭക്ഷണത്തിന്റെ രുചി നോക്കൽ
- ഉമിനീർ ഇറക്കൽ.
- കുളിക്കൽ.
- പല്ലുതേക്കൽ.
- സുഗന്ധം ഉപയോഗിക്കൽ
- ശരീരം തണുപ്പിക്കൽ

### നോമ്പ് മുറിയുന്ന കാര്യങ്ങൾ

1- മനപ്പൂർവ്വം ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കൽ. മറന്ന് ഭക്ഷണ പാനിയങ്ങൾ ഉപയോഗിച്ചാൽ നോമ്പ് സ്വഹീഹാണ്. 2- ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക. നോമ്പ് നിർബന്ധമുള്ളവൻ റമദാനിലെ പകൽ സമയത്ത് ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ, അവൻ കനത്ത പ്രായശ്ചിത്തം നൽകണം. 3- ശുക്ലസ്കലനം ഉണ്ടാവുക. 4- ഭക്ഷണപാനീയങ്ങളുടെ ഉപകാരം ലഭിക്കുന്ന ഉത്തേജന മരുന്നുകൾ പോലുള്ളവ കുത്തിവെക്കുക. 5- കൊമ്പ് ചികിത്സ 6 -ഉണ്ടാക്കി ചർദിക്കൻ 7 - ആർത്തവം, പ്രസവരക്തം എന്നിവ പുറത്ത് വരിക

## നോമ്പ് നിർബന്ധമാകാനുള്ള നിബന്ധനകൾ

1 - മുസ്ലിമാകൽ

2- ബുദ്ധിയുള്ളനാകൽ

3- പ്രായപൂർത്തിയാകൽ. പ്രായപൂർത്തിയാകാത്തവരെ നോമ്പ് എടുക്കാൻ പ്രോൽസാഹിപ്പിക്കണം. രക്ഷിതാക്കൾ അതിനായി കുട്ടികളോട് കൽപ്പിക്കണം.

4- യാത്രക്കാരൻ അല്ലാതിരിക്കണം. യാത്രക്കാരന് നോമ്പ് നിർബന്ധമില്ല. പ്രയാസമില്ലാത്ത യാത്രികർ നോമ്പെടുക്കലാണ് നല്ലത്. അതാണ് നബിചര്യ. കാരണം, അത് ബാധ്യതകൾ വേഗത്തിൽ നിറവേറ്റുകയും ഉത്തരവാദിത്വങ്ങൾ എളുപ്പം തീർക്കലും റമദാൻ മാസത്തിന്റെ പുണ്യം നേടലുമാണ്..

5- ആരോഗ്യം ഉണ്ടാകണം.

6- ആർത്തവം, പ്രസവരക്തം എന്നിവ ഇല്ലാത്ത അവസ്ഥയിലാകണം

### നോമ്പ്കാരന് നിശിദ്ധമായ കാര്യങ്ങൾ

1-കഫം ഇറക്കുക. എന്നാൽ അത് കാരണത്താൽ നോമ്പ് മുറിയുകയില്ല.
2-നോമ്പിന് കുഴപ്പം സംഭവിക്കുന്നതിന് ഇടയാകാവുന്ന ചുമ്പനം.
3-തോന്നിവാസം (എല്ലാ നിശിദ്ധങ്ങളും)
4-വിവരദോഷം പറയലും പ്രവർത്തിക്കലും
5-വിസ്വാൽ ( രണ്ട് ദിവസം നോമ്പ് മുറിക്കാതെ ഒന്നിച്ച് നോമ്പെടുക്കൽ)

### നോമ്പുകാരൻ ചെയ്യൽ കറാഹത്തായത് (വെറുക്കപ്പെട്ടത് )

1- കൊപ്ലിക്കുമ്പോഴും, മൂക്കിൽ കയറ്റി ചീറ്റുമ്പോഴും വെള്ളം അമിതമാക്കൽ.
2-ആവശ്യമില്ലാതെ ഭക്ഷണത്തിന്റെ രുചി നോക്കൽ




- **ഹജ്ജിന്റെ റുക്നുകൾ**
  ആരെങ്കിലും റുക്ൻ ഉപേക്ഷിച്ചാൽ അവന്റെ ഹജ്ജ് പരിപൂർണ്ണമാകില്ല
- **ഹജ്ജിന്റെ നിർബന്ധ കാര്യങ്ങൾ:** നിർബന്ധകാര്യം ആരെങ്കിലും ഉപേക്ഷിച്ചാൽ അവൻ ബലി അറുക്കേണ്ടി വരും.

alsarhaan.com
sarhaan.com

# ഉംറയുടെ രൂപം

Malayalam المليبارية




## ഇഹ്റാമിൽ പാടില്ലാത്തവ

1. തലയിൽ നിന്നോ ശരീരത്തിൽ നിന്നോ മുടി നീക്കം ചെയ്യൽ
2. നഖം വെട്ടൽ
3. സുഗന്ധം ഉപയോഗിക്കൽ
4. സ്വന്തത്തിനോ, മറ്റാർക്കോ വേണ്ടിയോ കല്യാണം അന്വേഷിക്കൽ
5. ലൈംഗിക ബന്ധം
6. കരയിൽ വേട്ടയാടൽ

**പുരുഷൻമാർക്ക് മാത്രം നിഷിദ്ധമാകുന്നവ**

1. കുപ്പായം, സോക്സ് പോലെയുള്ള തുന്നിയ വസ്ത്രം ധരിക്കൽ.
2. തൊപ്പി, തലപ്പാവ് പോലെയുള്ള തലയിൽ ഒട്ടി നിൽക്കുന്ന വിധമുള്ളവ കൊണ്ട് തല മറക്കൽ.

**സ്ത്രീകൾക്ക് മാത്രം നിഷിദ്ധമായവ**

1. ബുർഖ, നിഖാബ് എന്നിവ കൊണ്ട് മുഖം മറക്കൽ. അന്യപുരുഷൻമാരുടെ സാന്നിധ്യത്തിൽ അവൾക്ക് അവളുടെ തട്ടം കൊണ്ടോ മറ്റോ മുഖം മറക്കാവുന്നതാണ്.
2. കയ്യുറകൾ ധരിക്കൽ

## ഉംറയിലെ സുന്നത്തുകൾ

1. ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മുമ്പ് നഖം വെട്ടൽ, ശരീരത്തിലെ നീക്കം ചെയ്യേണ്ട മുടി എടുക്കൽ
2. ഇഹ്റാമിന് വേണ്ടി കുളിക്കൽ
3. പുരുഷൻമാർ ശരീരത്തിൽ സുഗന്ധം പുരട്ടൽ
4. പുരുഷൻമാർ വെളുത്ത തുണിയും മേൽമുണ്ടും ധരിക്കൽ
5. തൽബിയത് ചൊല്ലൽ. لبيك اللَّهُمَّ لبيك. لبيك لا شريك لك لبيك. إن الحمد والنعمة لك والملك. لا شريك لك
   ഇത് ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ ത്വവാഫ് തുടങ്ങുന്നത് വരെയാണ് ചൊല്ലേണ്ടത്.
6. പുരുഷൻമാർ ത്വവാഫിൽ ഇദ്ത്വിബാഅ് ചെയ്യൽ. വലത് തോൾ വെളിവാക്കലാണത്.
7. ഹജറുൽ അസ്വദിനെ ചുംബിക്കൽ
8. ത്വവാഫിലെ ആദ്യത്തെ മൂന്ന് ചുറ്റലുകളിൽ വേഗത്തിൽ നടക്കൽ
9. മക്വാമു ഇബ്റാഹീമിന് പിന്നിൽ വെച്ച് രണ്ട് റക്അത്ത് നമസ്കരിക്കൽ

| As-Sunnah College | प्राकृतिक सुन्नतहरु<br>**अल्लाहले मानिसहरूलाई प्रदान गर्नुभएको गुणहरू)** | |
|---|---|---|

मुख्य रूपले मानिसहरूको एउटा आकर्षण र आवश्यकता हुन्छ, जसलाई उसको वरपर बस्नेहरु प्रभावित गर्दैनन्, जस्तो कि नबी (स.) ले प्रमाणिक हदीसहरुमा भन्नुभएको छ।

| **अल-सुन्ना = गर्ने कार्य** | **धार्मिक नीति नियम** | **अल-तारीफ = परिभाषा, व्याख्या** |
|---|---|---|
| **(१) जुँगा काट्नु** | सुन्नत हो, सफाचट काट्नु मकरुह (मन नपराउने) हो | जुँगा काटेर घटाउनु र ओठको किनाराहरू नदेखिएसम्म काट्नु सुन्नत हो। |
| **(२) दाह्री बढाउनु** | वाजिब(अनिवार्य) हो | दाह्री काट्नु हराम(अबैध) हो, किनभने यस्तो गर्दा नबी (स.) को आदेश दाह्री छाड्नु र दाह्री बढ्न दिनु को विरोध गर्दै छ। |
| **(३) दाँत माझ्नु** | सुन्नते मुअक्कदह (धेरै नै राम्रो) हो | दाँत सफा गर्न अरक र उस्तै को प्रयोग गर्नु, यो जहिले पनि सुन्नत हो,र धेरै नै राम्रो कार्य हो नमाज पढ्दा, घर व मस्जिदमा प्रवेश गर्दा, कुरान पढ्दा, निद्राबाट उठ्दा, मृत्युको समयमा, र मुखको गन्ध परिवर्तन गर्न को लागि |
| **(४) नाकमा पानी हाल्नु** | वजुका सुन्नतहरु मध्ये एक हो | नाकमा पानी हालेर नाक धुने र पानी बाहिर निकाल्ने। |
| **(५) नङ काट्नु** | सुन्नत हो,तर चालिस दिन ढिलो नगर्नु | नङहरू काट्नुहोस् किनभने तिनीहरूलाई छोड्दा तिनीहरूको मुनि फोहोर जम्मा हुने छ। |
| **(६) औंलाहरूको जोर्नी धुनु** | सुन्नत हो | फोहोर जम्मा हुने ठाउँ जस्तो कि औंलाहरूका नङहरु र गाँठहरूलाई सफा गर्ने। |
| **(७) काख मुनिको कपाल फ्याँक्नु** | सुन्नत हो,तर चालिस दिन ढिलो नगर्नु | र यस्को मतलव काख भित्रको कपाल हटाउने हो, चाहे ती उखेल्ने, काट्ने, वा अन्य चीजहरू द्वारा हटाउने, किनकी यसले गर्दा सफाइ हुन्छ र अप्रिय गन्धहरू खत्म हुनेछ। |
| **(८) गुप्तांग को कपाल काट्ने** | सुन्नत हो,तर चालिस दिन ढिलो नगर्नु | गुप्तांग वरिपरिको कपाल हटाउनको लागि औद्योगिक सामाग्रीहरू पनि प्रयोग गर्न सकिन्छ। |
| **(९) गुप्तांगलाई पानीले सफा गर्नु** | यो दिसा पिसाब को बानी मध्ये एक हो | दिसा पिसाब गरिसकेपछि गुप्तांग र गुप्तांगको वरिपरिलाई पानी अथवा कुनै वस्तुले सफा गर्ने। |
| **(१०) कुल्ला गर्नु** | वजुका सुन्नतहरु मध्ये एक हो | मुख भित्र पानी हालेर धुने र पानी बाहिर निकाल्ने। |

आइशा (र.) ले भनिन् कि अल्लाहका रसुल (ﷺ) ले भन्नुभयो: प्राकृतिक अनुसार दश कामहरू छन्: जुँगा काट्नु, दाह्री बढ्न दिनु, दाँत माझ्नु, नाकमा पानी हाल्नु, नङ काट्नु, औंलाको जोर्नी धुनु, काख मुनिका कपाल फ्याँक्नु, गुप्तांगको कपाल फ्याँक्नु, र गोप्य भागलाई पानीले सफा गर्नु, जकरियाले भने कि मुस्अबले भन्नुभए: मैले दशौं बिर्सेको छु, तर मुख कुल्ला गरिरहेको हुन सक्छ,कुतैबाले वकीअको भनाईलाई थपे कि वकिअले भने "पानी हाल्नु अर्थात् इसतिनजा गर्नु हो। ( मुस्लिम)

| | | |
|---|---|---|
| **(११) खतना** | पुरुषहरूका लागि आनिवार्य र महिलाहरुको लागि यदि आवश्यकता छ भने सुन्नत हो | र यसको मतलब पुरुषको लिङ्ग र महिलाको योनी ढाक्ने छालालाई काट्नु हो,ताकि यसमा फोहोर जम्मा नहोस्,र पिशाब गर्न सजिलो होस्, |

अबूहुरैरह बाट वर्णन गरिएको छ कि अल्लाहका रसुल (सल्लल्लाहु अलैहि वसल्लम) ले भन्नुभयो:"प्राकृतिक अनुसार पाँचवटा कामहरू छन्: खतना, गुप्तांगको कपाल काट्ने, बगलको रौं उखेल्ने, नङ काट्ने र जुँगा काट्ने"( बखारी मुस्लिम)

**स्रोत** = फतहुल मोईन फी तकरिबे मनहजुस्सालकिन व तोजिहुल फिक्ह फिद्दीन" शैख हैथम सरहानद्वारा ( अल्लाह उहाँको रक्षा गरून्)। पहिलो संस्करण १४४२

**संवादको लागि :** https://alsarhaan.com

بسم الله الرحمن الرحيم




# സൗഭാഗ്യ ജീവിതത്തിന് ഉപകാരപ്രദമായ മാർഗ്ഗങ്ങൾ

**(എന്ന ഗ്രന്ഥത്തിന്റെ സംഗ്രഹം)**

ഗ്രന്ഥകാരൻ:

**അബ്ദുറഹ്മാൻ ബ്നു നാസ്വിർ അസ്സഅ്ദി** ﷀ

(ഹിജ്റ 1307 - 1376)

അദ്ദേഹത്തിന്റെ കാലത്തിലെ വലിയ മുസ്ലിം പണ്ഡിതരിലും, സൂക്ഷ്മജ്ഞാനികളായ ഇമാമീങ്ങളിലും പെട്ട ആളായിരുന്നു അദ്ദേഹം.




## ഗ്രന്ഥം രചിക്കാനുള്ള കാരണം

1973 ഇൽ ശൈഖ് ചികിത്സാവശ്യാർത്ഥം ലബ്നാനിൽ യാത്ര പോയപ്പോൾ '**വിഷമം വെടിഞ്ഞ് ജീവിതം തുടങ്ങൂ**' എന്ന അമേരിക്കക്കാരനായ ദിൽ കാർനീജി എന്നയാളുടെ പുസ്തകം വായിക്കകയും അത് ഇഷ്ടമാവുകയും ചെയ്തു. അതിന്റെ വെളിച്ചത്തിലാണ് ഈ ഗ്രന്ഥം രചിച്ചത്.




1- **അല്ലാഹുവിലുള്ള വിശ്വാസവും സൽകർമവും**
വിശ്വാസം അല്ലാഹു നൽകിയതിൽ ക്ഷമിക്കുന്നതിലേക്കും തൃപ്തിപ്പെടുന്നതിലേക്കും മനഃസ്സംതൃപ്തിയടയുന്നതിലേക്കും നയിക്കുന്നു.




2- **വാക്ക് കൊണ്ടും പ്രവർത്തനം കൊണ്ടും സൃഷ്ടികളിലേക്ക് നൻമ ചെയ്യൽ.**
നൻമ നല്ലത് വരുത്തുകയും തിൻമയെ തടുക്കുകയും ചെയ്യുന്നു.




3- **കർമം കൊണ്ടും ഉപകാര പ്രദമായ അറിവ് കൊണ്ടും വ്യാപൃതമാകൽ**
നിനക്ക് വിഷമമുണ്ടാക്കുന്ന കാര്യങ്ങൾ ചിന്തിക്കുന്നതിൽ നിന്ന് അത് ഹൃദയത്തെ അശ്രദ്ധമാക്കുന്നു.




4- **ഇന്നത്തെ കർമവുമായി ചിന്തയെ വ്യാപൃതമാക്കൽ**
കഴിഞ്ഞു പോയതിൽ നീ ദുഖിഃക്കരുത്, വന്ന് ഭവിക്കുന്നതിൽ നീ മനഃപ്രയാസമുള്ളവനാവുകയും ചെയ്യരുത്. നബി ﷺ മനഃപ്രയാസത്തിൽ നിന്നും ദുഖഃത്തിൽ നിന്നും രക്ഷ ചോദിക്കാറുണ്ടായിരുന്നു.




5- **അല്ലാഹുവിനെ സ്മരിക്കൽ വർദ്ധിപ്പിക്കൽ**
അല്ലാഹുവിനെ ഓർക്കൽ ഹൃദയത്തിന് ശാന്തിയും സമാധാനവും നൽകും.



6 - **അല്ലാഹുവിന്റെ പ്രത്യക്ഷവും പരോക്ഷവുമായിട്ടുള്ള അനുഗ്രഹങ്ങളെ എണ്ണൽ**
അത് നന്ദി കാണിക്കാൻ പ്രേരിപ്പിക്കുകയും മനഃപ്രയാസത്തെ മറപ്പിക്കുകയും ചെയ്യും.




7 - **നിന്നേക്കാൾ താഴെയുള്ളവരിലേക്ക് നോക്കൽ**
നീ ഇപ്പോൾ ഉള്ള അവസ്ഥക്ക് സ്തുതി പറയുന്നതിലേക്ക് അത് നയിക്കും. നിന്റെ ദുഖത്തേയും മനഃപ്രയാസത്തേയും അത് നീക്കുകയും ചെയ്യും.




8 - **കഴിഞ്ഞത് മറക്കൽ**
കഴിഞ്ഞു പോയത് തിരിച്ചെടുക്കാൻ സാധിക്കുകയില്ല. അതുമായി വ്യാപൃതമാകൽ പാഴായതും മണ്ടത്തരവുമാണ്.




9 - **അല്ലാഹുവിനോട് പ്രാർത്ഥിക്കൽ**
ഹദീസിൽ വന്നത് പോലെ, തന്റെ മത - ഭൗതിക - പാരത്രിക കാര്യങ്ങൾ നന്നാക്കാൻ പ്രാർത്ഥിക്കുന്നത് പോലെ.




10 - **ഏറ്റവും മോശം സാഹചര്യം കണക്കാക്കൽ**
ഒരു വിപത്ത് വന്നാൽ അത് ഏറ്റവും മോശം സാഹചര്യമായി കണക്കാക്കണം. അത് വിപത്ത് വരുമ്പോൾ അതിനെ ലളിതമാക്കും. വിപത്ത് വന്നാൽ അത് ലഘൂകരിക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കണം.




11 - **മിഥ്യാധാരണകളിലും ഭാവനകളിലും അകപ്പെടരുത്**
മിഥ്യാധാരണകൾ നിനക്ക് മോശം ചിന്തകൾ ഉണ്ടാക്കും, അത് മോശമായവ സംഭവിപ്പിക്കുകയും ചെയ്യും. മനഃപ്രയാസങ്ങൾക്കും രോഗങ്ങൾക്കും കാരണമാണത്.




12 - **ഹൃദയം അല്ലാഹുവിൽ അവലംബിക്കലും അവന് മേൽ ഭരമേൽപ്പിക്കലും**
(ആര് അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നുവോ അവന് അല്ലാഹു മതിയായവനാകുന്നു.)




13 - **മറ്റുള്ളവരുടെ തെറ്റുകളെ സഹിക്കുകയും അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും ചെയ്യൽ**
എല്ലാ മനുഷ്യരിലും ന്യൂനതകളും, കുറവുകളും, നീ വെറുക്കുന്നതായ കാര്യങ്ങളും ഉണ്ടാകും. ആയതിനാൽ നീ അവന്റെ നല്ല വശത്തിലേക്ക് നോക്കുക.




14 - **നിസ്സാര കാര്യങ്ങളിൽ ഇടപെടാതിരിക്കുക**
ദുരന്തങ്ങളും വലിയ കാര്യങ്ങളും സഹിക്കാൻ മനസ്സിനെ പാകപ്പെടുത്തുന്ന പോലെ നിസ്സാര കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കാനും മുൻഗണന നൽകേണ്ടതാണ്.




15 - **ജീവിതം ചുരുങ്ങിയ കാലമാണ്**
യഥാർത്ഥത്തിലുള്ള ജീവിതം - ചുരുങ്ങിയതാണെങ്കിലും - സൗഭാഗ്യവും സമാധാനവുമുള്ളതാണ്. അതിനെ ധാരാളമായി മനഃപ്രയാസം കൊണ്ടും, ദുഖങ്ങൾ വലിച്ചിഴച്ച് കൊണ്ടും ന്യൂനതയുള്ളതാക്കരുത്.



16 - **അധികം വിഷമത്തിനും മനഃപ്രയാസത്തിനും ഒരു യാഥാർത്ഥ്യവുമില്ല**
വിഷമം ഉണ്ടാക്കിയ ധാരാളം കാര്യങ്ങളും സംഭവിച്ചിട്ടില്ല, ആയതിനാൽ ദുർബലമായ സാഹചര്യങ്ങൾ ധാരാളം ശക്തമായ സാഹചര്യങ്ങളെ അതിജയിക്കാൻ നീ വിടരുത്.




17 - **ജനങ്ങളുടെ ഉപദ്രവങ്ങളിൽ അസ്വസ്ഥനാകരുത്**
ജനങ്ങളുടെ ദ്രോഹം അവർക്ക് തന്നെയാണ് ദ്രോഹമായിട്ടുള്ളത്, നീ അവയുമായി വ്യാപൃതമായാൽ അവ അവർക്ക് ദ്രോഹമായത് പോലെ നിനക്കും ദ്രോഹമാകും.




18 - **നിന്റെ ജീവിതം നിന്റെ ചിന്തകളെ ആശ്രയിച്ചിരിക്കുന്നു**
ചിന്തകൾ നിനക്ക് ദീനിനോ, ദുൻയാവിനോ ഉള്ള ഗുണം നൽകുന്നതാണെങ്കിൽ നിന്റെ ജീവിതം നല്ലതും സൗഭാഗ്യമുള്ളതുമാണ്, ഇല്ലെങ്കിൽ ഫലം വിപരീതമാണ്.




19 - **ജനങ്ങളിൽ നിന്ന് നീ നന്ദി പ്രതീക്ഷിക്കരുത്**
നീ നിനക്ക് കടമയുള്ളവരോടോ അല്ലാത്തവരോടോ നൻമ ചെയ്താൽ അത് അല്ലഹുവുമായിട്ടുള്ള നിന്റെ ഒരു ഇടപാടാണ്. അതിന് അവരിൽ നിന്ന് നന്ദി ലഭിക്കാത്തത് നീ പരിഗണിക്കേണ്ടതില്ല.




20 - **നിനക്ക് ഗുണം ലഭിക്കുന്നതിൽ നീ നിന്റെ മനസ്സിനെ വ്യാപൃതമാക്കുക**
ദ്രോഹമുള്ള കാര്യങ്ങൾ മനഃപ്രയാസവും ദുഖവും കൊണ്ട് വരും, ആയതിനാൽ ഉപകാരപ്രദമായ കാര്യങ്ങൾ കൊണ്ട് നീ അല്ലാഹുവിനോട് സഹായം തേടുക.




21 - **കർമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുക**
കർമങ്ങൾ സമയത്തിന് പൂർത്തിയാക്കിയിട്ടില്ലെങ്കിൽ മുമ്പത്തെ കർമങ്ങൾ വരാനിരിക്കുന്നവയോട് ചേരുകയും അത് നിന്നെ തിരക്കുള്ളതാക്കുകയും ചെയ്യും.




22 - **മുൻഗണനാക്രമം പാലിക്കുക**
ഏറ്റവും പ്രാധാന്യമുള്ളത് ആദ്യം പിന്നെ അടുത്തത് എന്ന വിധം തുടങ്ങുക, നിനക്ക് മടുപ്പും വിരസതയും ഉണ്ടാവാതിരിക്കാൻ നിന്റെ മനസ്സിന് താൽപര്യമുള്ളത് നീ തെരെഞ്ഞെടുക്കുക. കൂടിയാലോചന നടത്തുക, കൂടിയാലോചന നടത്തിയവൻ ഖേദിക്കുകയില്ല.



ملخص حُقوق دعت إليها الفطرة وقرّرتها الشريعة باللغة العربية لابن عثيمين رحمه الله

# ശുദ്ധപ്രകൃതി തേടുന്നതും മതം അംഗീകരിച്ചതുമായ കടമകൾ

**മുഹമ്മദു ബ്നു സ്വാലിഹുൽ ഉസൈമീൻ ﵀**

ملخص

**സംഗ്രഹം**

حُقوق دعت إليها الفطرة وقرّرتها الشريعة باللغة العربية لابن عثيمين رحمه الله

# ശുദ്ധപ്രകൃതി തേടുന്നതും മതം അംഗീകരിച്ചതുമായ കടമകൾ

**മുഹമ്മദു ബ്നു സ്വാലിഹുൽ ഉസൈമീൻ ﵀**

1ـ حقُّ الله تعالى

أن تعبده وحده لا شريك له، وتكون عبدًا متذللا خاضعا له، ممتثلا لأمره، مجتنباً لنهيه، مصدِّقا بخبره، عقيدة مثلى، وإيمانٌ بالحق، وعمل صالح مثمر، عقيدة قوامها: المحبة والتعظيم، وثمرتها: الإخلاص والمثابرة.

**1- അല്ലാഹുവിനോടുള്ള കടമകൾ**

അല്ലാഹുവിന് പങ്കുകാരെ ചേർക്കാതെ നീ അവനെ മാത്രം ആരാധിക്കലും, അവന് കീഴൊതുങ്ങിയവനായി വിനയമുള്ള ഒരു അടിമയാകലും, അവന്റെ കൽപനകളെ ശിരസ്സാവഹിക്കുന്നവനും, നിരോധനങ്ങളിൽ നിന്ന് വിട്ടു നിൽക്കുന്നവനാകലും, ശ്രേഷ്ഠമായ വിശ്വാസ കാര്യങ്ങളും, സത്യവിശ്വാസവും, ഫലം നൽകുന്ന സൽകർമങ്ങളും (അടങ്ങിയ) അല്ലാഹുവിന്റെ വാർത്തകളെ സത്യപ്പെടുത്തലും (നിനക്ക് ബാധ്യതയാകുന്നു). വിശ്വാസത്തിന്റെ അടിത്തറ സ്നേഹവും, മഹത്വപ്പെടുത്തലുമാണ്, അതിന്റെ ഫലം: ഇഖ്ലാസ്വും (ആത്മാർത്ഥതയും), സ്ഥിരോത്സാഹവും ആണ്.

## 2ـ حقّ رسول الله ﷺ

توقيره، واحترامه، وتعظيمه؛ التّعظيم اللائق به، من غير غلوٍّ ولا تقصير.

وتصديقه فيما أخبر به من الأمور الماضية والمستقبَلة، وامتثال ما به أمر، واجتناب ما عنه نهى وزجر، والإيمان بأن هديه أكمل الهدي، والدفاع عن شريعته وهديه.

## 2- റസൂൽ ﷺ യോടുള്ള കടമകൾ

റസൂൽ ﷺ യെ ആദരിക്കലും ബഹുമാനിക്കലും അമിതമാക്കലോ ചുരുക്കിക്കെട്ടലോ ഇല്ലാതെ നബി ﷺ ക്ക് യോജിച്ച വിധം നബി ﷺ യെ മഹത്വപ്പെടുത്തലും, കഴിഞ്ഞതും വരാനിരിക്കുന്നതുമായ കാര്യങ്ങളിൽ പെട്ടതായി നബി ﷺ അറിയിച്ച കാര്യങ്ങളെ സത്യപ്പെടുത്തലും, നബി ﷺ കൽപിച്ച കാര്യങ്ങൾ നടപ്പിലാക്കലും, നബി ﷺ വിരോധിക്കുകയും, അകന്ന് നിൽക്കാൻ അറിയിച്ചതുമായ കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കലും, നബി ﷺ യുടെ മാർഗ്ഗദർശനം ഏറ്റവും പരിപൂർണ്ണമാണെന്ന് വിശ്വസിക്കലും, നബി ﷺ യുടെ മതനിയമങ്ങളേയും, മാർഗ്ഗ ദർശനത്തേയും പ്രതിരോധിക്കുകയും ചെയ്യലും (കടമയാണ്).

## 3ـ حقوق الوالدين

تبرهما، وذلك بالإحسان إليهما قولًا وفعلا بالمال والبدن، وتمتثل أمرهما في غير معصية الله، وفي غير ما فيه ضرر عليك.

**3- മാതാപിതാക്കളോടുള്ള ബാധ്യതകൾ**

നീ അവർ രണ്ട് പേർക്കും പുണ്യം ചെയ്യൽ. ശരീരം കൊണ്ടും സമ്പത്ത് കൊണ്ടും വാക്കാലും പ്രവൃത്തിയാലും അവർക്ക് രണ്ട് പേർക്കും നൻമ ചെയ്യലാണ് അത്. അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിലല്ലാതെയും, നിനക്ക് ദ്രോഹം ഇല്ലാത്ത കാര്യങ്ങളിലും ഉള്ള അവരുടെ കൽപനകളെ നീ നടപ്പാക്കലും (ബാധ്യതായാണ്).

4ـ حقُّ الأولاد

1ـ التربية؛ وهي تنمية الدين والأخلاق في نفوسهم حتى يكونوا على جانب كبير من ذلك

2ـ أن ينفق عليهم بالمعروف من غير إسراف ولا تقصير

3ـ ألا يفضل أحدا منهم على أحد في العطايا والهبات

**4- മക്കളോടുള്ള ബാധ്യതകൾ**

1- തർബിയത്ത് നൽകൽ: മക്കൾ വലുതാകുന്നത് വരെ അവരുടെ ഹൃദയങ്ങളിൽ മതവും സ്വഭാവ കാര്യങ്ങളും വളർത്തിക്കൊണ്ടു വരലാണ് അത്.

2- പിശുക്കോ ധൂർത്തോ ഇല്ലാതെ നല്ല നിലക്ക് അവർക്കായി ചിലവഴിക്കൽ.

3- സമ്മാനങ്ങളും മറ്റും നൽകുമ്പോൾ അവരിൽ ഒരാൾക്ക് മറ്റൊരാളേക്കാൾ പരിഗണന നൽകാതിരിക്കൽ.

5ـ حقوق الأقارب

أن يصل قريبه بالمعروف؛ ببذل الجاه، والنفع البدني، والنفع المالي بحسب ما تتطلبه قوة القرابة والحاجة.

**5– ബന്ധുക്കളോടുള്ള കടമകൾ**

നൻമ ചെയ്തും, ശാരീരികമായ ഉപകാരങ്ങൾ ചെയ്തും, ആവശ്യവും, ബന്ധത്തിന്റെ ദൃഢതയും പരിഗണിച്ച് സാമ്പത്തിക സഹായം നൽകിയും ഒരാൾ തന്റെ ബന്ധുവിനോട് ബന്ധം ചേർക്കൽ.

6ـ حقّ الزوجين

أَن يعاشر كل منهما الآخر بالمعروف وأن يبذل الحق الواجب له بكل سماحة وسهولة من غير تكرّه لبذله ولا مماطلة.

من حقوق الزوجة على زوجها: أن يقوم بواجب نفقتها من الطعام والشراب والكسوة والمسكن وتوابع ذلك، والعدل ببن الزوجات.

من حقوق الزوج على زوجته: أن تطيعه في غير معصية الله، وأن تحفظه في سره وماله، وألا تعمل عملا يضيع عليه كمال الاستمتاع.

**6– ഇണകൾ തമ്മിലുള്ള കടമകൾ**

അവർ രണ്ട് പേരും നല്ല നിലക്ക് പരസ്പരം ബന്ധപ്പെടലും, നിർബന്ധമായ കടമകൾ എല്ലാ അലിവോടെയും അത് നടപ്പിലാക്കാൻ നിർബന്ധം പിടിക്കാതെ എളുപ്പത്തോടെയും നീട്ടിവെക്കാതെയും ചെയ്യൽ ബാധ്യതയാണ്.

**ഭർത്താവിന് ഭാര്യയോടുള്ള കടമകളിൽ പെട്ടതാണ്:** ഭക്ഷണം, വെള്ളം, വസ്ത്രം, താമസ സ്ഥലം തുടങ്ങിയ കാര്യങ്ങളിൽ അവളുടെ ചിലവ് വഹിക്കൽ.

**ഭാര്യക്ക് ഭർത്താവിനോടുള്ള കടമകളിൽ പെട്ടതാണ്:** അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിലൊഴികെ ഭർത്താവിനെ അനുസരിക്കലും, അവന്റെ രഹസ്യവും, സമ്പത്തും സംരക്ഷിക്കലും, സമ്പത്ത് പാഴാക്കുന്ന ഒന്നും അവൾ ചെയ്യാതിരിക്കലും.

7ـ حقوق الولاة والرعية

حقوق الرعية على الولاة: أن يقوموا بالأمانة التي حملهم الله إياها وألزمهم القيام بها من النصح للرعية والسير بها على النهج القويم الكفيل بمصالح الدنيا والآخرة، وذلك باتباع سبيل المؤمنين.

حقوق الولاة على الرعية فهي: النصح لهم فيما يتولاه الإنسان من أمورهم، وتذكيرهم إذا غفلوا، والدعاء لهم إذا مالوا عن الحق، وامتثال أمرهم في غير معصية الله، ومساعدتهم.

**7 – ഭരണാധികാരികളും പ്രജകളും തമ്മിലുള്ള കടമകൾ**

**ഭരണാധികാരികൾക്ക് പ്രജകളോടുള്ള കടമകൾ:**

ഭരണാധികാരികൾ അല്ലാഹു അവരെ വഹിപ്പിച്ചതായ അമാനത്ത് നിർവ്വഹിക്കുന്നവരായിരിക്കണം. പ്രജകളോടുള്ള ഗുണകാംക്ഷയും, അതനുസരിച്ച് ദുൻയാവിന്റേയും പരലോകത്തിന്റേയും നൻമകൾ സംരക്ഷിക്കുന്നതും നേരായ പാതയിലൂടെ സഞ്ചരിക്കലുമടങ്ങിയ ആ അമാനത്ത് അനുസരിച്ച് നില കൊള്ളൽ അല്ലാഹു അവർക്ക് നിർബന്ധമാക്കിയിരിക്കുന്നു. വിശ്വാസികളുടെ പാത പിന്തുടരലാണ് അത്.

**പ്രജകൾക്ക് ഭരണാധികാരികളോടുള്ള കടമകൾ:**

ജനങ്ങളുടെ കാര്യങ്ങൾക്കായി ഒരു മനുഷ്യൻ ഭരണം ഏറ്റെടുക്കുന്നതിൽ അവരോട് ഗുണകാംക്ഷയുള്ളവരായിരിക്കൽ, അവർ അശ്രദ്ധരായാൽ അവരെ ഓർമിപ്പിക്കലും, സത്യത്തിൽ നിന്ന് തെറ്റിപ്പോയാൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കലും, അല്ലാഹുവിനെ ധിക്കരിക്കുന്ന വിഷയത്തിലൊഴികെയുള്ള കാര്യങ്ങളിൽ അവരുടെ കൽപന നിറവേറ്റലും, അവരെ സഹായിക്കലും (അവരോടുള്ള ബാധ്യതയാണ്).

## 8ـ حق الجيران

الجار: هو القريب منك في المنزل، يحسن إليه بما استطاع من المال والجاه والنفع، ويكفّ عنه الأذى القولي والفعلي.

1ـ إن كان قريبا منك في النسب وهو مسلم فله ثلاثة حقوق: حق الجوار، وحق القرابة، وحق الإسلام.

2ـ إن كان مسلما وليس بقريب في النسب فله حقان: حق الجوار، وحق الإسلام

3ـ وكذلك إن كان قريبا وليس مسلما فله حقان: حق الجوار، وحق القرابة

4ـ إن كان بعيدا غير مسلم فله حق واحد: حق الجوار

## 8- അയൽക്കാരോടുള്ള കടമകൾ

അയൽവാസി: നിന്റെ വീട് കൊണ്ട് നിന്നോട് അടുത്ത് നിൽക്കുന്നവനാണ് അയൽവാസി. സമ്പത്ത്, സ്ഥാനം, ഉപകാരം തുടങ്ങിയവയാൽ കഴിവിന്റെ പരമാവധി അവനിലേക്ക് നൻമ ചെയ്യണം. വാക്കാലും, പ്രവൃത്തിയാലുമുള്ള ഉപദ്രവങ്ങൾ അവനിൽ നിന്ന് തടയുകയും വേണം.

1- അയൽവാസി മുസ്‌ലിമും, നിന്റെ കുടുംബത്തിൽ പെട്ടവനുമായി നിന്നോട് അടുത്തായാൽ അവന് മൂന്ന് ബാധ്യതകളുണ്ട്: അയൽപക്ക ബാധ്യത, ബന്ധത്തിലുള്ള ബാധ്യത, ഇസ്‌ലാമിന്റെ ബാധ്യത.

2- ഇനി അവൻ മുസ്‌ലിമാണ്, നിന്റെ കുടുംബത്തിൽ പെട്ട ബന്ധുവല്ല എങ്കിൽ അവനോട് രണ്ട് കടമകളുണ്ട്: അയൽപക്ക ബാധ്യത, ഇസ്‌ലാമിന്റെ ബാധ്യത.

3- ഇനി അയൽവാസി ബന്ധുവാണ്, എന്നാൽ മുസ്‌ലിം അല്ല എങ്കിൽ രണ്ട് കടമകളുണ്ട്: അയൽപക്ക ബാധ്യത, ബന്ധത്തിന്റെ ബാധ്യത.

4- ഇനി അവൻ ബന്ധുവും മുസ്‌ലിമും അല്ല എങ്കിൽ ഒരു കടമയുണ്ട്: അയൽപക്ക ബാധ്യത ആണത്.

## 9ـ حقوق المسلمين عموما

منها السلام، وإذا دعاك فأجبه، وإذا استنصحك فانصحه، وإذا عطس فحمد الله فشمّته، وإذا مرض فعده، وإذا مات فاتبعه، وكف الأذى عنه.

حقوق المسلم على المسلم كثيرة، ويمكن أن يكون المعنى الجامع لها هو قوله ﷺ «المسلم أخو المسلم» فإنه متى قام بمقتضى هذه الأخوة اجتهد أن يتحرى له الخير كله، وأن يجتنب كل ما يضره.

### 9– മുസ്‌ലീംകൾ പരസ്പരമുള്ള കടമകൾ

അതിൽ പെട്ടതാണ് സലാം പറയൽ, ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കൽ, ഉപദേശം തേടിയാൽ ഉപദേശിക്കൽ, തുമ്മുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്താൽ അവന് വേണ്ടി പ്രാർത്ഥിക്കൽ, അവൻ രോഗിയായാൽ അവനെ സന്ദർശിക്കൽ, അവനിൽ നിന്ന് ഉപദ്രവങ്ങൾ നീക്കം ചെയ്യൽ.

ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോടുള്ള ബാധ്യതകൾ ധാരാളമാണ്, അതിന്റെ സമഗ്രമായ അർത്ഥം **'ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്'** എന്ന നബി ﷺ യുടെ വാക്കിൽ ഉൾക്കൊള്ളുന്നു. നിശ്ചയം ഈ സാഹോദര്യത്തിന്റെ ഉള്ളടക്കം എപ്പോൾ അവൻ നിർവ്വഹിക്കുന്നുവോ അപ്പോൾ അവൻ അവന് എല്ലാ നൻമകളും ചെയ്യാനും, അവന് ദ്രോഹം ഉണ്ടാക്കുന്ന എല്ലാം അകറ്റാനും ശ്രമിക്കും.

## 10ـ حق غير المسلمين

يجب على ولي أمر المسلمين أن يحكم فيهم بحكم الإسلام في النفس والمال والعرض، وأن يقيم الحدود عليهم فيما يعتقدون تحريمه، ويجب عليه حمايتهم وكف الأذى عنهم .

ويجب أن يتميزوا عن المسلمين في اللباس، وألا يظهروا شيئا منكرا في الإسلام، أو شيئا من شعائر دينهم؛ كالناقوس، والصليب.

## 10 – അമുസ് ലീംകളോടുള്ള കടമകൾ

മുസ്ലിം ഭരണാധികാരികൾ അവരിൽ വ്യക്തി, സമ്പത്ത്, അഭിമാനം എന്നിത്യാദി കാര്യങ്ങളിൽ ഇസ്ലാമികമായി വിധി നടപ്പാക്കണം. അവർ നിഷിദ്ധമെന്ന് വിശ്വസിക്കുന്ന കാര്യങ്ങളിൽ അവരുടെ മേൽ ശിക്ഷാവിധികൾ നടപ്പിലാക്കുകയും വേണം, അവരെ സംരക്ഷിക്കലും, അവരിൽ നിന്ന് ഉപദ്രവങ്ങൾ തടയലും ഭരണാധികാരിക്ക് നിർബന്ധമാണ്.

അവർ വേഷം കൊണ്ട് മുസ്ലീംകളിൽ നിന്ന് വേർതിരിവുണ്ടാവണം. അവർ ഇസ്ലാമിക വിരുദ്ധമായ ഒന്നും തന്നെയോ, അല്ലെങ്കിൽ കുരിശോ, മണിയോ പോലെയുള്ള അവരുടെ മത ചിഹ്നങ്ങളോ വെളിവാക്കരുത്.

Malayalam | اللغة المليبارية

## ضعْ اسمَ حيوانٍ أو طيرٍ في الفراغِ

വിട്ട ഭാഗം മൃഗങ്ങളുടെയും ജന്തുക്കളുടെയും പേരുവച്ച് പൂരിപ്പിക്കുക

1 {وَإِذْ قَالَ مُوسَىٰ لِقَوْمِهِ إِنّ اللَّه يَأْمُرُكُمْ أَن تَذْبَحُوا (........)}

അല്ലാഹു നിങ്ങളോട് ഒരു .............. വിനെ അറുക്കുവാന് കല്പിക്കുന്നു എന്ന് മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദര്ഭം (ശ്രദ്ധിക്കുക)

2 {فَالْتَقَمَهُ (........) وَهُوَ مُلِيمٌ}

അങ്ങനെ അദ്ദേഹം ആക്ഷേപത്തിന് അര്ഹനായിരിക്കെ ആ .............. അദ്ദേഹത്തെ വിഴുങ്ങി.

3 {وَتَفَقّدَ الطّيْرَ فَقَالَ مَا لِيَ لَا أَرَى (.........) أَمْ كَانَ مِنَ الْغَائِبِينَ}

എന്നിട്ട് അദ്ദേഹം പറഞ്ഞു; എന്തുപറ്റി? ........................ ഞാന് കാണുന്നില്ലല്ലോ, അഥവാ അത് സ്ഥലം വിട്ടു പോയ കൂട്ടത്തിലാണോ?

4 {فَبَعَثَ ٱللَّهُ (......) يَبْحَثُ فِى ٱلْأَرْضِ لِيُرِيَهُۥ كَيْفَ يُوَٰرِى سَوْءَةَ أَخِيهِ}

അപ്പോള് തന്റെ സഹോദരന്റെ മൃതദേഹം മറവു ചെയ്യേണ്ടത് എങ്ങനെയെന്ന് അവന്ന കാണിച്ചുകൊടുക്കുവാനായി നിലത്ത് മാന്തികുഴിയുണ്ടാക്കുന്ന ഒരു ................... അല്ലാഹു അയച്ചു.

5 {قَالَ إِنِّي لَيَحْزُنُنِي أَن تَذْهَبُوا بِهِ وَأَخَافُ أَن يَأْكُلَهُ (........) وَأَنتُمْ عَنْهُ غَافِلُونَ}

{നിങ്ങള് അവനെപ്പറ്റി അശ്രദ്ധരായിരിക്കെ അവനെ ................. തിന്നേക്കുമെന്ന് ഞാന് ഭയപ്പെടുന്നു.}

6 {يأَيُّهَا (........) ادْخُلُوا مَسَاكِنَكُمْ لَا يَحْطِمَنّكُمْ سُلَيْمَانُ وَجُنُودُهُ وَهُمْ لَا يَشْعُرُونَ}

{ഹേ, .................., നിങ്ങള് നിങ്ങളുടെ പാര്പ്പിടങ്ങളില് പ്രവേശിച്ചു കൊള്ളുക. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും അവര് ഓര്ക്കാത്ത വിധത്തില് നിങ്ങളെ ചവിട്ടിതേച്ചു കളയാതിരിക്കട്ടെ.}

7 {إِنَ هذا أَخِي لَهُ تِسْعٌ وَتِسْعُونَ (.........) وَلِيَ (........) واحِدَةٌ}

{ഇതാ, ഇവന് എന്റെ സഹോദരനാകുന്നു. അവന്ന് തൊണ്ണൂറ്റി ഒമ്പതു ..................... എനിക്ക് ഒരു ................ }

8 {فَمَثَلُهُۥ كَمَثَلِ (.......) إِن تَحْمِلْ عَلَيْهِ يَلْهَثْ أَوْ تَتْرُكْهُ يَلْهَث}

{പക്ഷെ, അവന് ഭൂമിയലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിന്പറ്റുകയുമാണ് ചെയ്തത്. അപ്പോള് അവന്റെ ഉപമ ഒരു ................... പോലെയാകുന്നു. നീ അതിനെ ആക്രമിച്ചാല് അത് നാവ് തൂക്കിയിടും.}

9 {أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِأَصْحَابِ (.......)}

{.............. ക്കാരെക്കൊണ്ട് നിന്റെ രക്ഷിതാവ് പ്രവര്ത്തിച്ചത് എങ്ങനെ എന്ന് നീ കണ്ടില്ലേ?}

10 {كَأَنَّهُمْ (........) مُسْتَنْفِرَةٌ * فَرَّتْ مِنْ (........)}

*{അവര് വിറളി പിടിച്ച ....................പ്പോലിരിക്കുന്നു. ................. നിന്ന് ഓടിരക്ഷപ്പെടുന്ന}*

11 {فَأَلْقَىٰ عَصَاهُ فَإِذَا هِيَ (.......) مُّبِينٌ}

{അപ്പോള് മൂസാ തന്റെ വടി താഴെയിട്ടു. അപ്പോഴതാ അത് ഒരു പ്രത്യക്ഷമായ ......................}

12 {مَثَلُ الَّذِينَ حُمِّلُوا التَّوْرَاةَ ثُمَّ لَمْ يَحْمِلُوهَا كَمَثَلِ (.......) يَحْمِلُ أَسْفَارًا}

{തൌറാത്ത് സ്വീകരിക്കാന് ചുമതല ഏല്പിക്കപ്പെടുകയും, എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ ഉദാഹരണം ഗ്രന്ഥങ്ങള് ചുമക്കുന്ന ........................ പോലെയാകുന്നു.}

13 {وَيَا قَوْمِ هَٰذِهِ (.......) اللَّهِ لَكُمْ آيَةً فَذَرُوهَا تَأْكُلْ فِي أَرْضِ اللَّهِ وَلَا تَمَسُّوهَا بِسُوءٍ}

{എന്റെ ജനങ്ങളേ, ഇതാ നിങ്ങള്ക്കു ഒരു ദൃഷ്ടാന്തമായിക്കൊണ്ട് അല്ലാഹുവിന്റെ ...................... അല്ലാഹുവിന്റെ ഭൂമിയില് നടന്ന് തിന്നുവാന് നിങ്ങളതിനെ വിട്ടേക്കുക.}

14 {وَأَوْحَىٰ رَبُّكَ إِلَى (.......) أَنِ اتَّخِذِي مِنَ الْجِبَالِ بُيُوتًا وَمِنَ الشَّجَرِ وَمِمَّا يَعْرِشُونَ}

{നിന്റെ നാഥന് ...................... ഇപ്രകാരം ബോധനം നല്കുകയും ചെയ്തിരിക്കുന്നു: മലകളിലും മരങ്ങളിലും മനുഷ്യര് കെട്ടിയുയര്ത്തുന്നവയിലും നീ പാര്പ്പിടങ്ങളുണ്ടാക്കിക്കൊള്ളുക}

15 {فَأَرْسَلْنَا عَلَيْهِمُ الطُّوفَانَ وَ(.......) وَ(.......) وَ(.......) وَالدَّمَ آيَاتٍ مُفَصَّلَاتٍ فَاسْتَكْبَرُوا وَكَانُوا قَوْمًا مُّجْرِمِينَ}

{വെള്ളപ്പൊക്കം, ...................., ................... , ......................, രക്തം എന്നിങ്ങനെ വ്യക്തമായ ദൃഷ്ടാന്തങ്ങള് അവരുടെ നേരെ നാം അയച്ചു. എന്നിട്ടും അവര് അഹങ്കരിക്കുകയും കുറ്റവാളികളായ ജനതയായിരിക്കുകയും ചെയ്തു.}

16 {مَثَلُ الَّذِينَ اتَّخَذُوا مِنْ دُونِ اللَّهِ أَوْلِيَاءَ كَمَثَلِ (.......) اتَّخَذَتْ بَيْتًا}

{അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ .................. യുടേത് പോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി.}

17 {فَلَمَّا عَتَوْا عَمَّا نُهُوا عَنْهُ قُلْنَا لَهُمْ كُونُوا (.......) خَاسِئِينَ}

{അങ്ങനെ അവരോട് വിലക്കപ്പെട്ടതിന്റെ കാര്യത്തിലെല്ലാം അവര് ധിക്കാരം പ്രവര്ത്തിച്ചപ്പോള് നാം അവരോട് പറഞ്ഞു: നിങ്ങള് നിന്ദ്യന്മാരായ .................... ആയിക്കൊള്ളുക.}

18 {أَفَلَا يَنظُرُونَ إِلَى (......) كَيْفَ خُلِقَتْ}

{...................... നേര്ക്ക് അവര് നോക്കുന്നില്ലേ? അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന്.}

19 {خُشَّعًا أَبْصَارُهُمْ يَخْرُجُونَ مِنَ الْأَجْدَاثِ كَأَنَّهُمْ (.......) مُّنتَشِرٌ}

{ദൃഷ്ടികള് താഴ്ന്നു പോയവരായ നിലയില് ഖബ്റുകളില് നിന്ന് (നാലുപാടും) പരന്ന .................... എന്നോണം അവര് പുറപ്പെട്ട് വരും.}

20 {يَوْمَ يَكُونُ النَّاسُ (.......) الْمَبْثُوثِ}

{മനുഷ്യന്മാര് ചിന്നിച്ചിതറിയ ................ യെപ്പോലെ ആകുന്ന ദിവസം!}

21 {مَن لَّعَنَهُ اللَّهُ وَغَضِبَ عَلَيْهِ وَجَعَلَ مِنْهُمُ (......) وَ(.......)}

{ഏതൊരു വിഭാഗത്തെ അല്ലാഹു ശപിക്കുകയും അവരോടവന് കോപിക്കുകയും ചെയ്തുവോ, ഏത് വിഭാഗത്തില് പെട്ടവരെ അല്ലാഹു ....................., ...................... ആക്കിത്തീര്ത്തുവോ}

22 {فَرَاغَ إِلَىٰ أَهْلِهِ فَجَاءَ (......) سَمِينٍ}

{അനന്തരം അദ്ദേഹം ധൃതിയില് തന്റെ ഭാര്യയുടെ അടുത്തേക്ക് ചെന്നു. എന്നിട്ട് ഒരു തടിച്ച ..................... (വേവിച്ചു) കൊണ്ടുവന്നു.}

23 {فَأَلْقَاهَا فَإِذَا هِيَ (.......) تَسْعَىٰ}

{അദ്ദേഹം അത് താഴെയിട്ടു. അപ്പോഴതാ അത് ഒരു .................യി ഓടുന്നു.}

24 {ثَمَانِيَةَ أَزْوَاجٍ مِّنَ (......) اثْنَيْنِ وَمِنَ (......) اثْنَيْنِ}

{എട്ടു ഇണകളെ (അവന് സൃഷ്ടിച്ചിരിക്കുന്നു.) ..................... ല് നിന്ന് രണ്ടും, ....................... ല് നിന്ന് രണ്ടും.}

25 {إِنَّ اللَّهَ لَا يَسْتَحْيِي أَن يَضْرِبَ مَثَلًا مَّا (......) فَمَا فَوْقَهَا}

{ഏതൊരു വസ്തുവേയും ഉപമയാക്കുന്നതില് അല്ലാഹു ലജ്ജിക്കുകയില്ല; തീര്ച്ച. അതൊരു....................... അതിലുപരി നിസ്സാരമോ ആകട്ടെ.}

26 {قَالُوا نَفْقِدُ صُوَاعَ الْمَلِكِ وَلِمَن جَاءَ بِهِ حِمْلُ (......) وَأَنَا بِهِ زَعِيمٌ}

{അവര് പറഞ്ഞു: ഞങ്ങള്ക്ക് രാജാവിന്റെ അളവുപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ട് വന്ന് തരുന്നവന് ഒരു ....................ത്തിന് വഹിക്കാവുന്നത് (ധാന്യം) നല്കുന്നതാണ്. ഞാനത് ഏറ്റിരിക്കുന്നു.}

27 {إِنَّهَا تَرْمِي بِشَرَرٍ كَالْقَصْرِ كَأَنَّهُ (.......) صُفْرٌ}

{തീര്ച്ചയായും അത് (നരകം) വലിയ കെട്ടിടം പോലെ ഉയരമുള്ള തീപ്പൊരി തെറിപ്പിച്ചു കൊണ്ടിരിക്കും. അത് (തീപ്പൊരി) മഞ്ഞനിറമുള്ള .......................... കൂട്ടങ്ങളെപ്പോലെയായിരിക്കും.}

28 {قَالَ هِيَ عَصَايَ أَتَوَكَّؤُا عَلَيْهَا وَأَهُشُّ بِهَا عَلَىٰ (.......) وَلِيَ فِيهَا مَآرِبُ أُخْرَىٰ}

{അദ്ദേഹം പറഞ്ഞു: ഇത് എന്റെ വടിയാകുന്നു. ഞാനതിന്മേല് ഊന്നി നില്ക്കുകയും, അത് കൊണ്ട് എന്റെ .....................ക്ക് (ഇല) അടിച്ചുവീഴ്ത്തി കൊടുക്കുകയും ചെയ്യുന്നു. അതുകൊണ്ട് എനിക്ക് വേറെയും ഉപയോഗങ്ങളുണ്ട്.}

29 {إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ لَن يَخْلُقُوا (........) وَلَوِ اجْتَمَعُوا لَهُ}

{തീര്ച്ചയായും അല്ലാഹുവിന് പുറമെ നിങ്ങള് വിളിച്ചു പ്രാര്ത്ഥിക്കുന്നവര് ഒരു .................. യെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേര്ന്നാല് പോലും}

30 {وَأَعِدُّوا لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ (........) تُرْهِبُونَ بِهِ عَدُوَّ اللَّهِ وَعَدُوَّكُمْ}

{അവരെ നേരിടാന് വേണ്ടി നിങ്ങളുടെ കഴിവില് പെട്ട എല്ലാ ശക്തിയും, കെട്ടിനിര്ത്തിയ .................... യും നിങ്ങള് ഒരുക്കുക.}